# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

## 2007 മാർച്ച് 8-ാം തീയതി വ്യാഴാഴ്ച

## വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

## (ആകെ ചോദ്യങ്ങൾ-30)

91. സ്പോർട്ട്സ് ലോട്ടറി വഴി സ്പോർട്ടസ് വികസന പദ്ധതികൾ
92. എസ്. എസ്. എൽ. സി. പരീക്ഷയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിന് നടപടി
93. കായികരംഗം മെച്ചപ്പെടുത്തുന്നതിന് നടപടി
94. സഹകരണ മേഖലയിലെ ചില്ലറവില്പന ശാലകളുടെ പ്രവർത്തനം
95. സുനാമി പുനരധിവാസ പദ്ധതിയിലെ ഭവന നിർമ്മാണം
96. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ
97. ഉന്നതവിദ്യാഭ്യാസ കൗൺസിൽ
98. കേരളത്തിലെ റെയിൽവേ വികസനം
99. കായലും നദിയും കൈയ്യേറുന്നതിനെതിരെ നടപടി
100. സാങ്കേതിക സർവ്വകലാശാല
101. ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനു നടപടി
102. സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ ക്രമക്കേടുകൾ
103. സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ കുറവ്
104. കടക്കെണിയിൽപ്പെട്ട കർഷകരുടെ കുടുംബങ്ങൾക്കുള്ള ആനുകൂല്യങ്ങൾ
105. സ്ക്കൂളുകളിലെ ടൂർ പ്രോഗ്രാമുകൾ
106. പാലക്കാട് റെയിൽവേ ഡിവിഷൻ നിലനിർത്താൻ നടപടി
107. ദുരന്ത നിവാരണ മാനേജ്മെന്റ് നിയമം
108. ഐ.ടി. അറ്റ് സ്ക്കൂൾ
109. സേലം റെയിൽവേ ഡിവിഷൻ രൂപീകരണപ്രശ്നം
110. വരൾച്ച നേരിടുന്നതിനുള്ള നടപടികൾ
111. പട്ടയവിതരണ നടപടി
112. കലാപരിശീലന സ്കോളർഷിപ്പ്
113. കോളേജുകളിലെ റാഗിംഗ് തടയുന്നതിന് നടപടി
114. റവന്യൂ വകുപ്പിന്റെ സേവന നിലവാരം മെച്ചപ്പെടുത്തൽ
115. സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ
116. മെട്രോ റെയിൽ പദ്ധതി
117. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ
118. എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യതയും നിലവാരവും സംബന്ധിച്ച സർവ്വേ
119. റെയിൽവേ ഡിവിഷൻ രൂപീകരണം
120. വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശകൾ

## സ്പോർട്ട്സ് ലോട്ടറി വഴി സ്പോർട്ട്സ് വികസന പദ്ധതികൾ

*91 ശ്രീ. കെ. സി. വേണുഗോപാൽ
,, വർക്കല കഹാർ
,, കെ. ബാബു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നിയമവും പാർലമെന്ററികാര്യവും**
**സ്പോർട്ട്സും യുവജനക്ഷേമവും**
**തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) കേരള സർക്കാരിന്റെ സ്പോർട്ട്സ് ലോട്ടറിയുടെ സമ്മാനമായി എന്തൊക്കെ നൽകുമെന്നാണ് തുടക്കത്തിൽ പ്രഖ്യാപിച്ചിരുന്നത്; അതിൽ എന്തൊക്കെ മാറ്റങ്ങളാണ് പിന്നീട് വരുത്തിയത് എന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ലോട്ടറി വഴി എന്തു തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എന്തു തുക സമാഹരിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(സി) ടിക്കറ്റ് വിറ്റ വകയിൽ എന്തു തുക കമ്മീഷൻ നൽകിയെന്ന് വിശദമാക്കുമോ; ഏതു ജില്ലയിലാണ് ഏറ്റവും കൂടുതൽ ടിക്കറ്റ് വിൽപന നടത്തിയത്;

(ഡി) സ്പോർട്ട്സ് ലോട്ടറിയുടെ പരസ്യത്തിനായി എന്തു തുക ചെലവഴിച്ചു; ഓരോ സ്ഥാപനത്തിനും നൽകിയ പരസ്യം എന്തു വീതമാണെന്നു വെളിപ്പെടുത്തുമോ;

(ഇ) സമ്മാനാർഹരായവർക്ക് പൂർണ്ണമായും സമ്മാനത്തുക നൽകിയിട്ടുണ്ടോ;

(എഫ്) ലോട്ടറി വഴി സമാഹരിച്ച തുക ഉപയോഗിച്ച് സ്പോർട്ട്സ് രംഗത്ത് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**ഉത്തരം : ശ്രീ.എം. വിജയകുമാർ**
**(പാർലമെന്ററികാര്യവും നിയമവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) രണ്ട് കോടി ടിക്കറ്റുകൾ വില്പന നടത്തുമ്പോൾ മൊത്തം ടിക്കറ്റുകളിലായി 40,19,00,000/- തുകയ്ക്കുള്ള സമ്മാനം നൽകുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. പിന്നീട് മാറ്റങ്ങൾ വരുത്തിയിട്ടില്ല.

(ബി) ടിക്കറ്റു വിറ്റു വരവിനത്തിൽ 200 കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 29,44,79,800 രൂപയ്ക്കുള്ള ടിക്കറ്റുകളാണ് വില്പന നടത്തിയത്.

(സി) 20% ഡിസ്കൗണ്ട് തുകയായ 5,88,95,960/- രൂപ വില്പന സമയത്തു തന്നെ നൽകി കഴിഞ്ഞു. ടിക്കറ്റ് വില്പനയുടെ തോതനുസരിച്ചുള്ള അഡീഷണൽ കമ്മീഷൻ 47 ലക്ഷത്തോളം രൂപ ഏജന്റുമാർക്ക് നൽകേണ്ടി വന്നു.

കണ്ണൂർ ജില്ലയാണ് ഏററവും കൂടുതൽ ടിക്കറ്റ് വില്പന നടത്തിയത്.

(ഡി) സ്പോർട്ട്സ് ലോട്ടറിയുടെ പരസ്യത്തിനായി 3,24,54,103/- രൂപ ചെലവായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഇ) ഇല്ല. ടിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സമ്മാനത്തുക നൽകി വരുന്നു.

(എഫ്) സ്പോർട്ട്സ് ലോട്ടറിയിലൂടെ സമാഹരിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ആലോചിച്ചു വരുന്നു.

# Super Sports Bumber : Print Media

| Sl.No. | Name of Daily | Amount |
|---|---|---|
| 1 | Calicut Times | 7650 |
| 2 | Chandrika | 222708.5 |
| 3 | Crime Story | 12920 |
| 4 | Deepika | 185138.5 |
| 5 | Deshabhimani | 243941.5 |
| 6 | General | 16796 |
| 7 | Janmabhumi | 85663 |
| 8 | Janmadesam | 10982 |
| 9 | Kala Kaumudi | 18088 |
| 10 | Kalapremi | 11628 |
| 11 | Karaval | 18734 |
| 12 | Kerala Kaumudi | 169422 |
| 13 | Kerala Mid day Times | 21318 |
| 14 | Keralarajyam | 17136 |
| 15 | Keranadu | 12920 |
| 16 | Malayala Manorama | 701360.5 |
| 17 | Mangalam | 226958.5 |
| 18 | Mathrubhumi | 569811.1 |
| 19 | NewsKerala | 7650 |
| 20 | Padayani | 10336 |
| 21 | Powran | 10336 |
| 22 | Prabhatha Vartha | 11628 |
| 23 | Prahelika | 12920 |
| 24 | Pradeepam | 7956 |
| 25 | Punnyabhumi | 29070 |
| 26 | Rashtradeepika | 81702 |
| 27 | Sayanna Kairali | 20026 |
| [illegible] | [illegible] | [illegible] |

[redacted]

| | | |
|---|---|---|
| 29 | Siraj | 20808 |
| 30 | Southern Star | 21318 |
| 31 | Sounth Indian News | 10336 |
| 32 | Spohadanam | 11628 |
| 33 | Sudinam | 18734 |
| 34 | Supplement | 24548 |
| 35 | Swathanthra Mandapam | 12920 |
| 36 | Telegraph | 13566 |
| 37 | Thanima | 11628 |
| 38 | Thaniniram | 16150 |
| 39 | Theepantham | 13566 |
| 40 | Thrissivaperoor Express | 10982 |
| 41 | Thuranna Kathu | 12920 |
| 42 | Utharadesam | 20026 |
| 43 | Varthamanam | 20808 |
| 44 | Veekshanam | 188725.5 |
| 45 | Venad Kaumudi | 10982 |
| 46 | Venad Patrika | 13566 |
| 47 | Hindu | 196840 |
| 48 | New Indian Express | 124640 |
| 49 | Pioneer | 59280 |
| 50 | Thina Murasu | 23256 |
| 51 | Hosadiganta | 55556 |
| 52 | Vijay Karnataka | 59432 |
| 53 | Statesman | 9060 |
| 54 | Business | 3210 |
| 55 | Madyamam | 7990 |
| | **Total** | **3756859.10** |

## Super Sports Bumber : AkasAvani

| | |
|---|---|
| 1 AkasAvani | **658717** |

## Super Sports Bumber : Visual Media

| | |
|---|---|
| 1 Dooradarsan | 5309233 |
| 2 A.C.V.Channels | 479826 |
| 3 Asianet | 2929464 |
| 4 Asianet News | 732366 |
| 5 Asianet Plus | 732366 |
| 6 Amritha T.V. | 1952976 |
| 7 Jeevan T.V. | 732366 |
| 8 India vision | 732366 |
| 9 Kairali | 1952976 |
| 10 People | 732366 |
| 11 Manorama News | 1464732 |
| **Total** | **17751037** |

Grand Total - Rs. 2,21,66,613/-

Deputy Secretary
G. Edn (SR 4 A) Dept.

Centre for Development of Imaging Technology

# Visual Communication Team (VCT)

Gorkhy Bhavanam, Bakery Junction, Thriuvananathapruam-34.

## DETAILS OF EXPENSES IN CONNECTION WITH SPORTS SUPER BUMPER LOTTERY MEDIA CAMPAIGN

| Sl.No. | Bud. Code | Details | Budget outlay amt. | Rate Rs. | Quantity (Nos.) | Amount Rs. | Total Amont Rs. |
|---|---|---|---|---|---|---|---|
| 1.0 | 1 | **10-20 Secs. Teasers - 10nos.** | 1000000.00 | | | | |
| 1.1 | | 10-20 Secs. Teasers (released through channels) | | 80000.00 | 6 | 480000.00 | 480000.00 |
| | | | | | | | |
| 2.0 | 2 | **30-60 secs. TV Advertisements 6 Nos.** | 3000000.00 | | | | |
| 2.1 | | Advertisement in video format | | 100000.00 | 5 | 500000.00 | |
| 2.2 | | 30 Sec. Jingle (Cine- Artist indran's) | | 150000.00 | 1 | 150000.00 | 650000.00 |
| | | | | | | | |
| 3.0 | 5 | **2 Advertisements in Film format, 200 prints and exhibition charges** | 5600000.00 | | | | |
| 3.1 | | Advertisement in Film Format 1 (Sports personalities) | | 1000000.00 | 1 | 1000000.00 | |
| 3.2 | | Advertisement in Film Format 2 (Mohanlal) | | 1000000.00 | 1 | 1000000.00 | |
| 3.3 | | Copying charges Film-1 | | 3000.00 | 70 | 210000.00 | |
| 3.4 | | Copying charges Film-2- | | 3000.00 | 70 | 210000.00 | |
| 3.5 | | DTS charges for 30 theatres @1000/copy | | 1000.00 | 30 | 30000.00 | 2450000.00 |
| | | | | | | | |
| 4.0 | 6 | **Radio production and broadcast charges** | 1500000.00 | | | | |
| 4.1 | | Radio Spots | | 50000.00 | 7 | 350000.00 | 350000.00 |
| | | | | | | | |
| 5.0 | 7 | **Web advertisements** | 1000000.00 | | | | |
| | | Kerala Kaumudi Online -To target online communities | | 22500.00 | 1 | 22500.00 | 22500.00 |
| | | Official web portal of Government of Kerala (charges not claimed) | | | | | |
| | | | | | | | |
| 6.0 | 8 | **Display of advertisements in KSRTC and Railway Stations** | 600000.00 | | | | |
| | | Scroller display advertisements in Railway stations | | 80000.00 | 1 | 80000.00 | |
| | | Cosmo - CCTV release | | 125000.00 | 1 | 125000.00 | 205000.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| **7.0** | **10** | **Danglers, Stickers, Posters for lottery advertisemen** | **1500000.00** | | | | |
| | | Designing charges- Danglers, Stickers, Brochures and Posters | | 80000.00 | 1 | 80000.00 | |
| | | Designing charges-Corporate Brochure 5000 nos for distribution among NRK'sand other corprates. 3000nos. Of brochures for NRIs and Malayalee | | 25000.00 | 1 | 25000.00 | **105000.00** |
| | | | | | | | |
| **8.0** | **11** | **Display advertisement on KSRTC buses** | **1200000.00** | | | | |
| 8.1 | | Venpakal Advertisers- Back & side panels in 300 buses in all Districts in Kerala. | | 700000.00 | 1 | 700000.00 | **700000.00** |
| | | | | | | | |
| **9.0** | **13** | **Design and publishing of print advertisements in News paper and publications** (print ad. released by | **5000000.00** | | | | |
| | | Concept, Copywriting and design charges for print media advertisement | | 300000.00 | 1 | 300000.00 | |
| | | Advertisement in dailies outside Kerala | | 150000.00 | 1 | 150000.00 | **450000.00** |
| | | | | | | | |
| **10.0** | **14** | **Organising Roadshows and designing 25,000 T Shirts and Caps** | **4500000.00** | | | | |
| | | Hantex - T shirts & caps with slogan and logo | | 8000.00 | 150 | 1200000.00 | **1200000.00** |
| | | | | | | | |
| **11.0** | **15** | **Design of Signature Logo and Theme Music.** | **100000.00** | | | | |
| | | Signature Film and specially composed music on Sports Lottery | | 100000.00 | 1 | 100000.00 | **100000.00** |
| | | | | | | | |
| **12.0** | **16** | **Special advertisements for NRIs** | **1500000.00** | | | | |
| 12.1 | | Home page design - Sports Council (charges not claimed) | | | | | |
| 12.2 | | Software development charges for accepting contributions from NRKs and corporates | | 100000.00 | 1 | 100000.00 | |
| 12.3 | | Designining charges for web advertisement | | 25000.00 | 1 | 25000.00 | |
| 12.4 | | Corporate Video (Presentation) for NRI's Eng. | | 150000.00 | 1 | 150000.00 | **275000.00** |
| | | | | | | | |
| **13.0** | **17** | **Special programmes/jingles products as well as sponsorship by various channels** | **870000.00** | | | | |
| 13.1 | | Advertisement release -magazines and other publications | | 250000.00 | 1 | 250000.00 | |
| 13.3 | | Inaugural function- Hoardings and other arrangements (baloons, banners, display boards, etc.) | | 100000.00 | 1 | 100000.00 | |
| 13.4 | | Event sponsorship- National Cycling championship | | 300000.00 | 1 | 300000.00 | |
| 13.5 | | Kerala-Bengal Football Match- Package to People | | 200000.00 | 1 | 200000.00 | **850000.00** |
| 14.0 | | **Total amount (Item No 1.0 to 13.0)** | | | | | **7837500.00** |

| | | | | | | | |
|---|---|---|---|---|---|---|---|
| 15.0 | | **Advertisement release through PRD** | | | | | |
| 15.1 | 3&5 | Advertisement release through TV Channels & Radio | **18100000.00** | | | 14847962.00 | |
| 15.2 | 13 | Advertisement through print media | **5000000.00** | | | 3216244.00 | |
| | | **Total payment to be released to I&PRD towards Ad. release** | | | | **18064206.00** | |
| | | | | | | | |
| 16.0 | **10** | **Danglers, Stickers, Posters for lottery advertisemen (see Serial No.07)** | | | | | |
| 16.1 | | Printing Charges for Posters (KBPS) | | | 150000 | 141960.00 | |
| 16.2 | | Printing Charges for Stickers (KBPS) | | | 200000 | 244452.00 | |
| 16.3 | | Printing Charges for Danglers (KBPS) | | | 25000 | 138693.00 | |
| | | Printing Charges for Corporate Brochures (KBPS) | | | 3000 | 55484.00 | |
| | | Printing Charges for NRI Brochures (KBPS) | | | 5000 | 80080.00 | |
| | | **Total payment to be released to KBPS for printing** | | | | **660669.00** | |
| | | | | | | | |
| 17.0 | | **Total Expenditure for the Campaign Work (Sl. Nos. 14, 15 &16)** | | | | **26562375.00** | |
| 18.0 | | **Add:** 5% Total Communication Provider Charges (on Sl. No.17) | | | | | 1328118.00 |
| 18.1 | | **Total amount (Sl. No. 14+18)** | | | | | **9165618.00** |
| 19.0 | | **Add: Service charges @ 12.24%** | | | | | 1121872.00 |
| | | **Total amount due to C-DIT** | | | | | 10287490.00 |
| | | **Less: Advance amount received** | | | | | **2500000.00** |
| | | **Balance amount due to C-DIT** | | | | | **7787490.00** |
| | | (Rupees seven seven eight seven four nine zero only) | | | | | |

**HEAD (PPAC)** **DD(Production)** **REGISTRAR**

Deputy Secretary

## എസ്. എസ്. എൽ. സി. പരീക്ഷയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിന് നടപടി

*92 ശ്രീ. കെ. സുധാകരൻ
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, അടൂർ പ്രകാശ്
,, എം. മുരളി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ ചോരുകയുണ്ടായോ ; ഏതൊക്കെ വിഷയങ്ങളുടെ ചോദ്യപേപ്പറാണ് ചോർന്നത് ;

(ബി) ഇതുമൂലം ഏതൊക്കെ പരീക്ഷകൾ എവിടെയെല്ലാം മാറ്റിവെയ്ക്കുകയുണ്ടായി ;

(സി) ഇതു സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങൾ നടത്തി ;

(ഡി) അന്വേഷണഫലം എന്താണെന്നും ഉത്തരവാദികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ ;

(ഇ) എസ്.എസ്.എൽ.സി. പരീക്ഷയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിന് എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു ; വിശദാംശം വ്യക്തമാക്കാമോ ?

**ഉത്തരം: ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) 2007ലെ എസ്. എസ്. എൽ. സി മോഡൽ പരീക്ഷയുടെ സോഷ്യൽ സയൻസ്, കണക്ക് എന്നീ വിഷയങ്ങളുടെ ചോദ്യപേപ്പറുകൾ ചോർന്നതായി കണ്ടെത്തിയിട്ടുണ്ട്

(ബി) തിരുവനന്തപുരം ജില്ലയിൽ 22.2.2007 ൽ നടക്കേണ്ടിയിരുന്ന കെമിസ്ട്രി, ബയോളജി പരീക്ഷകൾ 26.2.2007 ലേയ്ക്ക് മാറ്റി വച്ചു.

(സി) & (ഡി) ഇതു സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തെത്തുടർന്ന് ക്രൈംബ്രാഞ്ച് പോലീസ് വിഭാഗത്തെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ചില സ്ക്കുളുകളുൽ 'എ' പിരിവിൽ പറഞ്ഞ ചോദ്യപേപ്പറുകൾ ചോർന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ചോർച്ചയുടെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഉറവിടം കണ്ടെത്തുവാനായി നടക്കുന്ന ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) എസ്. എസ്. എൽ. സി പരീക്ഷയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ജില്ലാ ആസ്ഥാനങ്ങളിൽ ചോദ്യപേപ്പർ പായ്ക്കറ്റുകൾ നേരിട്ടാണ് എത്തിക്കുന്നത്. പോലീസ് അകമ്പടിയോടുകൂടിയാണ് ഇത് വിതരണം നടത്തുന്നത്. കൂടാതെ ചോദ്യപേപ്പർ ബണ്ടിലുകൾ സൂക്ഷിക്കുന്ന കേന്ദ്രങ്ങളിലും പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനുള്ള നിർദ്ദേശങ്ങൾ ഡി.ജി.പി., പോലീസ് സൂപ്രണ്ടുമാർക്ക് നൽകിയിട്ടുണ്ട്. ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നേരിട്ടുള്ള ഉത്തരവാദിത്വത്തിലാണ് പരീക്ഷാ കേന്ദ്രങ്ങളിലേക്ക് ചോദ്യപേപ്പർ പാക്കറ്റുകൾ എത്തിക്കുന്നത്. ഓരോ കേന്ദ്രങ്ങൾക്കും ആവശ്യമായ ചോദ്യപേപ്പറുകൽ നിശ്ചിതഎണ്ണം വീതമടങ്ങിയ കവറുകളിലാണ് വിതരണം ചെയ്യുന്നത്. പ്രസ്തുത കവറുകൾ പരീക്ഷാർത്ഥികളുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ച് കുറ്റമറ്റതാണെന്ന് ഉറപ്പാക്കുന്നതിന് അദ്ധ്യാപകന് പുറമേ ഒരു പരീക്ഷാർത്ഥി കൂടി കവറിന്റെ പുറത്ത് ഒപ്പിടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനു ശേഷം ഹാളിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള അദ്ധ്യാപകൻ കവർ പൊട്ടിച്ച് ചോദ്യപേപ്പർ വിതരണം ചെയ്യുന്നു. ഉത്തരക്കടലാസുകൾ അന്നന്നുതന്നെ ബന്ധപ്പെട്ട ക്യാമ്പുകളിലേക്ക് അയയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

## കായികരംഗം മെച്ചപ്പെടുത്തുന്നതിന് നടപടി

*93 ശ്രീ. കെ. .വി. കുഞ്ഞിരാമൻ
,, വി. ചെന്താമരാക്ഷൻ
,, കെ. കെ. ദിവാകരൻ
,, മഞ്ഞളാംകുഴി അലി
,, പി.ടി.എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) മുപ്പത്തിമൂന്നാമതു ദേശീയ ഗെയിംസിൽ കേരളത്തിന്റെ പ്രകടനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) മെഡൽ ജേതാക്കൾക്ക് എന്തെങ്കിലും പ്രത്യേക പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഗെയിംസിൽ പങ്കെടുക്കാൻ പോയ കായിക താരങ്ങൾക്ക് ട്രെയിൻ യാത്രയിൽ ഉണ്ടായ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ഗെയിംസിൽ പങ്കെടുക്കുന്നതിന് അന്യ സംസ്ഥാനങ്ങളിലേയ്ക്കു പോകുന്ന കായിക താരങ്ങൾക്ക് മേലിൽ ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ദേശീയ തലത്തിൽ സംസ്ഥാനത്തിന്റെ കായിക രംഗത്തെ പ്രകടനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ.എം. വിജയകുമാർ**
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്. മുപ്പത്തിമൂന്നാമത് ദേശീയ ഗെയിംസിൽ 32 ഇനങ്ങളിലാണ് മത്സരം നടന്നത്. മുൻ വർഷത്തെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 18 ഇനങ്ങളിൽ മത്സരിക്കാൻ യോഗ്യത നേടിയ കേരളം 31 സ്വർണ്ണം, 19 വെള്ളി, 25 വെങ്കലം എന്നിവയോടെ നാലാം സ്ഥാനം കരസ്ഥമാക്കി. മുപ്പത്തി രണ്ടാമത് ദേശീയ ഗെയിംസിൽ കേരളം 6-ാം സ്ഥാനത്തായിരുന്നു.

(ബി) ഉണ്ട്. സ്വർണ്ണ മെഡൽ ജേതാക്കൾക്ക് 1.50 ലക്ഷം രൂപയും വെള്ളി മെഡൽ ജേതാക്കൾക്ക് 1.00 ലക്ഷം രൂപയും വെങ്കല മെഡൽ ജേതാക്കൾക്ക് 50,000/- രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയാണ് ഇത്തവണ കായിക താരങ്ങളെ ദേശീയ ഗെയിംസിന് അയച്ചിട്ടുള്ളത്. മാധ്യമങ്ങളിൽ കൂടിയും മറ്റും ഉയർന്നിട്ടുള്ള പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്തി വരുന്നു.

(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) കായികതാരങ്ങളുടെ പ്രകടനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉതകുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ അവർക്ക് ലഭ്യമാക്കുക. ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ ഒട്ടനവധി പരിഷ്ക്കാരങ്ങളാണ് സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

## സഹകരണ മേഖലയിലെ ചില്ലറവില്പന ശാലകളുടെ പ്രവർത്തനം

*94 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എൻ.ശക്തൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. ഭരണകാലത്ത് സഹകരണ മേഖലയിൽ എത്ര ചില്ലറ വില്പന ശാലകൾ ആരംഭിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇന്ന് അവയെല്ലാം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇന്ന് അവയിൽ എത്രയെണ്ണം നിലനില്ക്കുന്നുണ്ടെന്നു പറയുമോ ;

(സി) അവ ഇതുവരെ ഒട്ടാകെ എന്തു തുകയ്ക്കുള്ള ബാദ്ധ്യതകൾ വരുത്തിയിട്ടുണ്ട് എന്ന് വെളിവാക്കുമോ ;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് സഹകരണ മേഖലയിൽ എത്ര ചില്ലറ വില്പന ശാല കൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവയ്ക്ക് വേണ്ട ഷെയർ ക്യാപ്പിറ്റലും വർക്കിംഗ് ക്യാപ്പിറ്റലും എപ്രകാരം കണ്ടെത്തുമെന്ന് വിശദമാക്കുമോ ; എങ്കിൽ ഈയിനങ്ങളിൽ ഒട്ടാകെ വേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം : ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) 1056 ചില്ലറ വില്പനശാലകൾ (നീതി സ്റ്റോറുകൾ) ആരംഭിച്ചു.

(ബി) അവയിൽ ചെറിയ ഒരു വിഭാഗം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുന്നില്ല. ഇന്ന് അവയിൽ 805 എണ്ണം നിലനിൽക്കുന്നു.

(സി) 1,81,64,592.13 രൂപ

(ഡി) 3812 ചില്ലറ വില്പന ശാലകൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) ഇവയ്ക്കു വേണ്ട ഷെയർ ക്യാപ്പിറ്റലും സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ജില്ലാ ബാങ്കിൽ നിന്നും വായ്പ നൽകും. ഇവയ്ക്കു വേണ്ട തുക ആദ്യമേ കണക്കാക്കാൻ സാധിക്കില്ല.

## സുനാമി പുനരധിവാസ പദ്ധതിയിലെ ഭവന നിർമ്മാണം

*95 ശ്രീ. എം.കെ. പുരുഷോത്തമൻ
,, സി.കെ. സദാശിവൻ
,, ബി. രാഘവൻ
,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു നൽകി എന്ന് അറിയിക്കുമോ;

(ബി) ഇതിൽ വിവിധ സംഘടനകളും ഏജൻസികളും നിർമ്മിച്ച വീടുകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇനി എത്ര വീടുകൾ നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നു; അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കുമോ;

(ഡി) വിവിധ മേഖലകളിൽ ഇപ്പോൾ നടന്നുവരുന്ന സുനാമി പുനരധിവാസ പദ്ധതികൾ ഏതെല്ലാമാണ്; എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്;

(ഇ) ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ. കെ.പി. രാജേന്ദ്രൻ**
**(റവന്യൂ വകുപ്പു മന്ത്രി)**

(എ) & (ബി)

| | അനുവദിച്ച വീട് | പൂർത്തിയാക്കിയത് | ബാക്കി |
|---|---|---|---|
| കൊല്ലം | 2949 | 2781 | 168 |
| എറണാകുളം | 238 | 238 | 0 |
| ആലപ്പുഴ | 848 | 740 | 108 |
| ആകെ | 4035 | 3759 | 276 |

വീടുകളുടെ നിർമ്മാണം സന്നദ്ധ സംഘടനകളെയാണ് ഏൽപ്പിച്ചിരുന്നത്. വിവിധ സംഘടനകൾ ഏറ്റെടുക്കുകയും പിന്നീട് വാഗ്ദാനത്തിൽ നിന്ന് ഏകപക്ഷീയമായി പിന്മാറി വീടുകൾ നിർമ്മിക്കാതിരിക്കുകയും ചെയ്തതിനെത്തുടർന്ന് ഇനിയും വീടുകൾ ലഭിച്ചിട്ടില്ലാത്ത അർഹതപ്പെട്ട എല്ലാവർക്കും സർക്കാർ സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി വീടുകൾ നിർമ്മിച്ചുകൊടുക്കാനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(സി) സുനാമി പുനരധിവാസത്തിനായി 1441.75 കോടി രൂപയുടെ പദ്ധതി കേന്ദ്ര സഹാത്തോടുകൂടി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 300 കോടിയിൽപ്പരം രൂപയുടെ ഒരു സമഗ്ര ഭവന പദ്ധതി അംഗീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തീരദേശവാർഡുകളിലെ സുരക്ഷിതമല്ലാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് സ്ഥിരം വീടുകൾ നൽകുവാനുള്ള സാദ്ധ്യത ഈ പദ്ധതിയിൽ പരിശോധിച്ചു വരുന്നു. വിശദാംശങ്ങൾ തയ്യാറാക്കിവരികയാണ്. തീരപ്രദേശത്ത് അപകടരമായ നിലയിൽ താമസിക്കുന്ന 17000 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിനുള്ള വിപുലമായ പുനരധിവാസ പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ കുടുംബങ്ങളെ മാറ്റി താമസിപ്പിക്കേണ്ടിവരും എന്നാണ് കണക്കാക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്ന് കൂടുതൽ ധനസഹായം ലഭിക്കുന്നതിനായി മറ്റൊരു പദ്ധതിയും സമർപ്പിച്ചിട്ടുണ്ട്.

(ഡി) വിവിധ പദ്ധതികൾക്കായി സുനാമി പുനരുദ്ധാരണ പദ്ധതി(TRP)യിൽ ഉൾപ്പെടുത്തിയിട്ടുള്ള 1441.75 കോടി രൂപയുടെ വേർതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

(ഇ) പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതികളുടെ പ്രവർത്തനങ്ങൾ മുഖ്യമന്ത്രി അദ്ധ്യക്ഷനും റവന്യൂ വകുപ്പ് മന്ത്രി ഉപാദ്ധ്യക്ഷനും ബന്ധപ്പെട്ട വകുപ്പുകളുടെ മന്ത്രിമാരും ഉൾപ്പെടുന്ന സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ഓരോ വകുപ്പുകളിലും പദ്ധതി നിർവ്വഹണ യൂണിറ്റുകളും ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി എന്നിവയും ഇതിനു പുറമേ പദ്ധതിയുടെ മോണിറ്ററിംഗിനായി സെക്രട്ടറിയേറ്റിൽ സുനാമി സെല്ലും പ്രവർത്തിക്കുന്നു.

പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകൾ വഴിയാണ് നടപ്പിലാക്കുന്നത്. ഓരോ ഘട്ടത്തിലും സൂക്ഷ്മമായ പരിശോധന നടക്കുന്നതാണ്. ഇതിന്റെ പരിശോധനയ്ക്കും സ്ക്രൂട്ടിണിക്കും, മോണിറ്ററിംഗിനും, റിവ്യൂ ചെയ്യുന്നതിനും ഓരോ വകുപ്പിലും പ്രത്യേകം നടപടികൾ എടുത്തു വരുന്നുണ്ട്. സമയബന്ധിതമായി കുറ്റമറ്റ വിധത്തിൽ പദ്ധതികൾ നടപ്പിലാക്കുവാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ വ്യക്തമായ മാനദണ്ഡങ്ങൾക്കു വിധേയമായിട്ടാണ് ഇത് മുന്നോട്ട് കൊണ്ടുപോകുന്നത്.

അനുബന്ധം

## സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാമിന്റെ (TRP) മേഖല / വകുപ്പ് തിരിച്ചുള്ള നീക്കിയിരുപ്പ്

| ക്രമ നമ്പർ | മേഖല / വകുപ്പ് | ഇനം | തുക രൂപ കോടിയിൽ |
|---|---|---|---|
| 1 | ഭവന നിർമ്മാണം | തകർന്ന വീടുകൾ | 45. 54 |
| 2 | മത്സ്യബന്ധനം, മത്സ്യബന്ധന തുറമുഖങ്ങൾ | 1. മത്സ്യബന്ധനമേഖലയിലെ ജീവനോപാധികളുടെ പുനർനിർമ്മാണം<br>2. മത്സ്യബന്ധന തുറമുഖങ്ങളുടെ പുനർനിർമ്മാണം | 64.85<br>97.97<br>162. 82 |
| 3 | മൃഗസംരക്ഷണവും കൃഷിയും | 1. കൃഷി<br>2. മൃഗസംരക്ഷണം | 07.83<br>15.00<br>22. 83 |
| 4 | തുറമുഖങ്ങളും ജെട്ടികളും | | 44. 02 |
| 5 | റോഡുകളും പാലങ്ങളും | 1. റോഡുകളും പാലങ്ങളും<br>2. ഗ്രാമീണ റോഡുകൾ | 70.51<br>22.00<br>92. 51 |
| 6 | വിദ്യുച്ഛക്തി | | 73. 00 |
| 7 | കുടിവെള്ള വിതരണവും ശുചീകരണവും | | 132. 17 |

| | | | |
|---|---|---|---|
| 8 | സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ | 1. ആരോഗ്യ കേന്ദ്രങ്ങളുടെ പുനർ നിർമ്മാണം<br><br>2. ആരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം<br><br>3. ജലജന്യ രോഗങ്ങളുടെ നിയന്ത്രണവും പൊതുജനാരോഗ്യവും<br><br>4. തീരദേശത്തെ സമഗ്ര ആരോഗ്യ വികസനം<br>5. അംഗനവാടികളുടെ പുനർനിർമ്മാണം<br><br>6. സഹകരണ മേഖല<br><br>7. സാമൂഹ്യക്ഷേമ പദ്ധതികൾ<br><br>8. സ്കൂളുകൾ, ലൈബ്രറികൾ, റിക്രിയേഷൻ ക്ലബ്ബുകൾ എന്നിവയുടെ നിർമ്മാണം | 06.00<br><br>02.00<br><br>00.30<br><br>65.61<br>05.60<br><br>18.87<br><br>5.30<br><br>42.50<br><br>146.18 |
| 9 | പരിസ്ഥിതിയും തീരസംരക്ഷണവും പുനരധിവാസവും<br>( Housing) | 1. കടൽഭിത്തി നിർമ്മാണം<br><br>2. പുനരധിവാസം (ഭൂമിയും വീടും)<br><br>3. നദീ സംരക്ഷണം<br><br>4. വനവല്ക്കരണം<br><br>5. നദീതീരത്തെ കൃഷിയിടങ്ങളുടെ സംരക്ഷണം<br><br>6. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പഠനം, പരിശീലനം തുടങ്ങിയ കാര്യങ്ങൾ | 120<br><br>284.08<br><br>34.60<br><br>21.50<br><br>23.00<br><br>14.50<br><br>497. 68 |

.....3/-

| | | | |
|---|---|---|---|
| 10 | ടൂറിസം | 1. തീര പുനർനിർമ്മാണം<br>2. ബീച്ച് റോഡുകൾ | 88.00<br>12.00<br>100.00 |
| 11 | ആലപ്പാട്, ആറാട്ടുപുഴ, [illegible], എടവനക്കാട് പ്രത്യേക പാക്കേജുകൾ | | 100 |
| 12 | പ്രോജക്ട് മാനേജ്മെൻറ് | | 25.00 |
| ആകെ | | | 1441.75 |

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ

*96 ശ്രീ.എ. പ്രദീപ്കുമാർ
ശ്രീമതി. കെ. കെ. ലതിക
ശ്രീ.ജോർജ്ജ് എം. തോമസ്
ശ്രീ.മുരളി പെരുനെല്ലി
രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച് 2006-ലെ നിയമത്തിലെ പ്രധാന വകുപ്പുകൾ ഹൈക്കോടതി റദ്ദു ചെയ്ത സാഹചര്യത്തിൽ ഈ വർഷത്തെ പ്രവേശന നടപടികൾ സുഗമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ബി) സ്വകാര്യ മാനേജ്മെന്റുകളുമായി സമവായ ചർച്ചയിൽ എന്തെങ്കിലും ധാരണയിലെത്തിയിട്ടുണ്ടോ;

(സി) സുപ്രിം കോടതിയിൽ നിലവിലുള്ള അപ്പീൽ ഹർജിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഡി) ജസ്റ്റീസ് പി. എ. മുഹമ്മദ് കമ്മിറ്റി മുമ്പാകെ സ്വാശ്രയ എഞ്ചിനീയറിംഗ്-മെഡിക്കൽ മാനേജ്മെന്റുകൾ ഈ വർഷത്തെ ഫീസ് ഘടന സംബന്ധിച്ച നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

**ഉത്തരം : ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) 27-1-07 ലെ സ. ഉ. (സാ) നം 152/07/ഉവിവ പ്രകാരം അംഗീകരിച്ച് 2007 വർഷത്തെ പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് പ്രകാരം സർക്കാർ എഞ്ചിനിയറിംഗ് കോളേജുകളിലെയും എയ്ഡഡ് എഞ്ചിനിയറിംഗ് കോളേജുകളിലെയും നിലവിലുള്ള സീറ്റുകൾ മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. ക്ലോസ് 1.6 പ്രകാരം സർക്കാർ നിയന്ത്രിത എഞ്ചിനിയറിംഗ് കോളേജുകളിലെയും, സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളിലെയും സീറ്റിന്റെ ലഭ്യത ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) സ്വകാര്യ മാനേജ്മെന്റുകളുമായി ചർച്ച നടത്തിയിട്ടില്ല.

(സി) ഹർജി സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

(ഡി) സ്വാശ്രയ എഞ്ചിനിയറിംഗ്, മെഡിക്കൽ മാനേജുമെന്റുകൾ ഈ വർഷത്തെ ഫീസ് ഘടന സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചു വരുന്നുണ്ട്.

# ഉന്നതവിദ്യാഭ്യാസ കൗൺസിൽ

*97 ശ്രീ. കെ. കെ. ഷാജു
,, തോമസ് ചാണ്ടി
,, കെ.ബി. ഗണേഷ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) ഈ സർക്കാർ രൂപീകരിക്കുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ നീക്കത്തിൽ നിന്ന് സർക്കാർ പിൻവാങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**ഉത്തരം: ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് കേരള ഗവർണ്ണർ 2007 ലെ 2-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓർഡിനൻസിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.
(അനുബന്ധം ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിരിക്കുന്നത് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

(ബി) ഇല്ല.

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതിയും, ഗുണമേന്മയും ഉറപ്പാക്കുന്നതിന് പ്രധാനമായും 2 കാര്യങ്ങളാണ് സർക്കാർ ഇതുവരെ ചെയ്തിട്ടുള്ളത്.

1) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനും, ഫീസും നിയന്ത്രിക്കുന്നതിന് 2006ൽ 19-ാം ആക്ടായി നിയമനിർമ്മാണം നടത്തിയിട്ടുണ്ട്.
2) ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കേണ്ട മറ്റു പരിഷ്ക്കാരങ്ങളെക്കുറിച്ച് പഠിച്ച് സർക്കാരിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നയരൂപീകരണവുമായി ബന്ധപ്പെട്ട് ഉപദേശങ്ങൾ നൽകുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് 2007 ലെ 2-ാം നമ്പരായി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. കൗൺസിൽ നിലവിൽ വരുന്നതുവരെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനും സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് നയപരിപാടികൾ നടപ്പാക്കുന്നതിന് വേണ്ട സഹായം നൽകുന്നതിനും ഡോ. കെ. എൻ. പണിക്കർ ചെയർമാനായി ഹയർ എഡ്യൂക്കേഷൻ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. 10.11.2006 ലാണ് കമ്മീഷൻ പ്രവർത്തനം ആരംഭിച്ചത്. കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്.

## കേരളത്തിലെ റെയിൽവേ വികസനം

*98 ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
,, ബി. ഡി. ദേവസ്സി
,, പി. കൃഷ്ണപ്രസാദ്
,, സി. കെ. പി. പത്മനാഭൻ
,, എം. പ്രകാശൻ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **നിയമവും പാർലമെന്ററികാര്യവും സ്പോർട്സുംയുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) ഭൂമി കിട്ടാനുള്ള കാലതാമസമാണ് കേരളത്തിൽ റെയിൽവേ വികസനത്തിനുള്ള തടസ്സമെന്ന് റെയിൽവേ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) കേരളത്തിലേയ്ക്ക് കൂടുതൽ ട്രെയിനുകൾ അനുവദിച്ചു കിട്ടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

**ഉത്തരം: ശ്രീ.എം. വിജയകുമാർ**
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ റെയിൽവെ വികസനത്തിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1) കൊച്ചു വേളി റെയിൽവെ ടെർമിനലിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
2) ഷൊർണ്ണൂർ-മംഗലപുരം, എറണാകുളം - കോട്ടയം- കായംകുളം, എറണാകുളം - ആലപ്പുഴ - കായംകുളം എന്നീ ട്രാക്കുകളുടെ ഇരട്ടിപ്പിക്കൽ ത്വരിതപ്പെടുത്തൽ
3) കൊല്ലം- പുനലൂർ-ചെങ്കോട്ട ലൈൻ മാറ്റി സ്ഥാപിക്കൽ
4) ഷൊർണ്ണൂർ-മാംഗ്ലൂർ, തിരുവനന്തപുരം - കന്യാകുമാരി ലൈൻ വൈദ്യുതീകരണം
5) സംസ്ഥാനത്തിന് പുതിയ ട്രെയിനുകൾ അനുവദിക്കൽ
6) നെടുമ്പാശ്ശേരിയിൽ ഒരു റെയിൽവേ സ്റ്റേഷൻ തുറക്കുന്നത്
7) നിലമ്പൂർ-നഞ്ചൻകോട് ലൈനിന്റെ സർവ്വേ
8) കേരളത്തിൽ ഒരു പുതിയ വാഗൺ ഫാക്ടറി സ്ഥാപിക്കുന്നത്
9) ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ സംസ്ഥാനത്തെ ഡിപ്പോകളിൽ വാഗണുകൾ സ്പ്ലിറ്റ് ചെയ്ത് നിറുത്തി ചരക്ക് നീക്കുന്നത് പഴയപടിതന്നെ തുടരുന്നത്.
10) കേരളം, കർണ്ണാടകം, തമിഴ്നാട്, ആന്ധ്ര എന്നീ സംസ്ഥാനങ്ങളെ ബന്ധപ്പെടുത്തി വിനോദ സഞ്ചാര വികസനത്തിനായി ഒരു ലക്ഷ്വറിട്രെയിൻ ആരംഭിക്കുന്നത്.
11) കേരളത്തിന് ഒരു റെയിൽവേ സോൺ അനുവദിക്കുന്നത്
12) തിരുവനന്തപുരം നേമത്ത് ഒരു കോച്ച്/ലോക്കോ റിപ്പയർ യൂണിറ്റ് സ്ഥാപിക്കൽ
13) സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ നവീകരണം. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
14) പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് സേലം റെയിൽവേ ഡിവിഷൻ ആരംഭിക്കുന്ന നടപടി പുന:പരിശോധിക്കുക എന്ന ആവശ്യം.
15) റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം.
16) സംസ്ഥാനത്ത് ഇലക്ട്രിക്കൽ മൾട്ടിപ്പിൾ യൂണിറ്റുകൾ (EMU)ഏർപ്പെടുത്തൽ

17) കാവൽക്കാരില്ലാത്ത ലെവൽ ക്രോസ്സുകളിൽ കാവൽക്കാരെ നിയമിക്കുക.
18) ചെങ്ങന്നൂർ-പന്തളം-കൊട്ടാരക്കര-തിരുവനന്തപുരം, തലശ്ശേരി മൈസൂർ കായംകുളം - അടൂർ- തിരുവനന്തപുരം, തൃശ്ശൂർ- കൊല്ലങ്കോട്, കഞ്ചീക്കോട്-ബാംഗ്ലൂർ എന്നീ പുതിയ ലൈനുകൾക്ക് സർവ്വേ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ റെയിൽവേ വികസനം സംബന്ധിച്ച് നടത്തിയ ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായി 2007-08 റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് പ്രത്യേക പരിഗണന ലഭിച്ചു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്ത് റെയിൽവേ വികസനത്തിനാവശ്യമായ ഭൂമി പരമാവധി വേഗതയിൽ വിവിധ മാർഗ്ഗങ്ങളിലൂടെ ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ഇ) പ്രധാനമന്ത്രിയുടേയും, കേന്ദ്ര റെയിൽവേ മന്ത്രിയുടേയും മുൻപിൽ പുതിയ ആവശ്യങ്ങൾ അടങ്ങുന്ന നിവേദനം സമർപ്പിച്ചിട്ടുണ്ട്.

**New Surveys**

- Nanjangud-Nilambur

**New Lines**

Nil

**New Doubling works**

- Kuruppantara-Chingavanam
- Ambalapuzha-Haripad

**Garib Rath**

- Thiruvananthapuram-Lokmanya Tilak (Terminus) Garib Rath Express (2 days in a week)

**Extension of trains**

- 364 Kottayam-Thiruvananthapuram Passenger upto Nagercoil

**Increase in frequency**

- 6603/6604 Thiruvananthapuram-Mangalore Express (from 3 days in a week to daily)
- 6527/6528 Yesvantpur-Kannur Express (from weekly to 3 days in a week)
- 6315/6316 Bangalore-Kochuvelli Express (from weekly to 3 days in a week)

**Joint Venture with Kerala Government**

At present, Railways have a limited capacity to manufacture ICF design fabricated bogies for passenger coaches. Railways will try to make good this shortfall by setting up a joint venture company with Steel Industries Kerala Limited, Aleppey, a public sector undertaking of the Government of Kerala.

**Other important works**

- Development of Calicut as model station - Cost Rs.3 crores.
- Setting up of a plant for manufacture of fabricated rolling stock components of coaching stock at Alleppey - Cost Rs.85 crores.
- Inspection and stabling facilities for of MEMU trains at Quilon - Cost Rs.7 crores.

## BUDGET ALLOCATION FOR VARIOUS PROJECTS IN KERALA

*(Rs. in crores)*

| Sl. No. | Particulars | Length in km | Cost | Budget 2006-07 | Budget outlay 2007-08 |
|---|---|---|---|---|---|
| | **NEW LINES** | | | | |
| 1 | Angamali – Sabarimala | 146 | 550.00 | 8.00 | 10.00 |
| 2 | Tanur (Kuttipuram) – Guruvayur | 51 | 137.71 | 5.00 | 2.77 |
| | Total | | 687.71 | 13.00 | 12.77 |
| | **GAUGE CONVERSION** | | | | |
| 1 | Quilon – Tirunelveli – Tiruchendur & Tenkasi – Virudhunagar | 357 | 462.61 | 2.00 | 3.00 |
| | Total | | | 2.00 | 3.00 |
| | **DOUBLING** | | | | |
| 1 | Calicut – Mangalore | 221 | 572.51 | 6.00 | 15.00 |
| 2 | Shoranur – Kuttipuram – Calicut | 86 | 188.13 | 4.00 | 8.00 |
| 3 | Ernakulam – Mulanturutti | 17.37 | 58.23 | 10.00 | 8.00 |
| 4 | *Cheppad* – Kayankulam | 7.76 | 21.48 | 2.00 | 10.00 |
| 5 | Mavelikara – Kayankulam | 7.89 | 21.84 | 10.00 | 5.00 |
| 6 | Mavelikara – Chengannur | 12.3 | 33.65 | 10.00 | 31.00 |
| 7 | Cheppad – Haripad | 5.20 | 14.39 | 2.00 | 10.00 |
| 8 | Ernakulam Marshalling yd. | 3 | | 0.01 | 0.10 |
| 9 | Quilon - Trivandrum Central | 65 | 152.85 | 0.50 | 0.10 |
| 10 | Mulanturutti - Kuruppantara | 24 | 79.94 | 2.00 | 30.00 |
| 11 | Chengannur - Chingavanam | 26.5 | 99.69 | 4.99 | 15.00 |
| 12 | Kankanadi - Panambur | 19 | 70.00 | 0.00 | 2.00 |
| 13 | Kuruppantara - Chingavanam | 26.64 | 96.00 | 0.00 | 2.00 |
| 14 | Ambalapuzha - Haripad | 18.13 | 48.38 | 0.00 | 2.00 |
| | Total | | 1467.09 | 59.50 | 138.20 |
| | **GRAND TOTAL** | | 2144.80 | 74.50 | 153.97 |
| | **ELECTRIFICATION** | | | | |
| 1 | Ernakulam – Trivandrum | 320 | 162.31 | 23.54 | 15.00 |
| | Total | | 162.31 | 23.54 | 15.00 |

## കായലും നദിയും കൈയ്യേറുന്നതിനെതിരെ നടപടി

*99 ശ്രീ. സി.എം. ദിനേശ് മണി
,, എ.എം. ആരിഫ്
,, എ.എം. യൂസഫ്
,, വി.എൻ. വാസവൻ
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വേമ്പനാട്ടു കായൽ ഉൾപ്പെടെ ചെറുതും വലുതുമായ എല്ലാ കായലുകളും കയ്യേറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരിയാറിന്റെ തീരം സ്വകാര്യ വ്യക്തികൾ കയ്യേറി കൈവശം വച്ചിട്ടുള്ള സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) കായലുകളും നദികളും കയ്യേറുന്നതു സംബന്ധിച്ച എത്ര കേസുകൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ഡി) കയ്യേറിയ സ്ഥലങ്ങൾ വീണ്ടെടുക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ?

**ഉത്തരം: ശ്രീ. കെ.പി. രാജേന്ദ്രൻ**
**(റവന്യൂ വകുപ്പു മന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിയാർ ഒഴുകുന്ന ഇടുക്കി ജില്ലയിൽ 4 കൈയ്യേറ്റങ്ങളും എറണാകുളം ജില്ലയിൽ 492 കൈയ്യേറ്റങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ഇടുക്കി ജില്ലയിലെ 3 കേസ്സുകളിൽ നിരോധന ഉത്തരവ് നൽകിയിട്ടുള്ളതും എറണാകുളം ജില്ലയിലെ 5 കേസ്സുകൾ ഒഴിപ്പിച്ചിട്ടുള്ളതുമാണ്.

(സി) സംസ്ഥാനത്തൊട്ടാകെ 4438 കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 1957 ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കൈയ്യേറിയ സ്ഥലം വീണ്ടെടുക്കാനും കുറ്റക്കാർക്കെതിരെ പിഴ ചുമത്താനും ഉള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കായൽ കയ്യേറ്റം കർശനമായി തടയുന്നതിനും കായലുകൾ നിയമപരമായി സംരക്ഷിക്കുന്നതിനും വേണ്ടി ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിനായി നിയമ നിർമ്മാണവും സർക്കാർ ഗൗരവ്വ പൂർവ്വം ആലോചിച്ചു വരുന്നു.

## സാങ്കേതിക സർവ്വകലാശാല

*100 ശ്രീ. ബി.ബാബു പ്രസാദ്
പ്രൊഫ.കെ.വി.തോമസ്
ശ്രീ. ജോർജ് മേഴ്സിയർ
,, വി.ഡി.സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി സംസ്ഥാനത്ത് ഇപ്പോൾ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ട്; എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്;

(സി) സംസ്ഥാനത്ത് ഒരു സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം : ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 86 എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ട്. അവിടെ 86,287 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഒരു സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിരുന്നു. സ്പെഷ്യൽ ഓഫീസർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൻമേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കാൻ ഹയർ എഡ്യൂക്കേഷൻ കമ്മീഷനോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. ഹയർ എഡ്യൂക്കേഷൻ കമ്മീഷന്റെ ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടില്ല.

## ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനു നടപടി

*101 ശ്രീ. എസ്. രാജേന്ദ്രൻ
,, പി. ജയരാജൻ
,, കെ.സി. കുഞ്ഞിരാമൻ
,, സി.കെ.പി. പത്മനാഭൻ
,, ബി. രാഘവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) ഭൂമിയില്ലാത്ത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനായി സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കുമോ;

(ബി) സ്വന്തമായി ഭൂമിയില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട്;

(സി) ഇവർക്ക് എത്ര ഏക്കർ ഭൂമി വീതമാണ് നൽകുന്നത്; വിതരണത്തിനായി എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ആദിവാസികൾക്ക് ആറളം ഫാമിൽ ഭൂമി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോയെന്നു വ്യക്തമാക്കാമോ?

**ഉത്തരം : ശ്രീ. കെ.പി. രാജേന്ദ്രൻ**
**(റവന്യൂ വകുപ്പു മന്ത്രി)**

(എ) 9.11.2001-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 63/2001/പ.ജ.പവവിവ പ്രകാരം രൂപീകരിച്ച സംസ്ഥാന ആദിവാസി പുനരധിവാസ മിഷനും ജില്ലാ മിഷനുകളും ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകുന്നതിനും ആ ഭൂമിയിൽ അവരെ പുനരധിവസരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ബി) 22,482

(സി) ഏകദേശം ഒരേക്കർ ഭൂമിവരെയാണ് വിതരണം ചെയ്യുന്നത്. ഇതിനായി 8630.96 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(ഡി) ആറളം ഫാമിൽ രണ്ടാം ഘട്ട ഭൂമി വിതരണത്തിനായി ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് ഊരുകൂട്ടങ്ങളുടെ പരിശോധനയ്ക്കും ശുപാർശയ്ക്കും ശേഷം തിരികെ ലഭിച്ചിട്ടുണ്ട്. ഈ കരട് ലിസ്റ്റ് വില്ലേജ് ഓഫീസുകളിലും പഞ്ചായത്ത് ഓഫീസുകളിലും ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

## സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ ക്രമക്കേടുകൾ

*102 ശ്രീ. പി. .വിശ്വൻ
,, എം. ചന്ദ്രൻ
,, എ.സി. മൊയ്തീൻ
,, എം. എം. മോനായി
,, വി. എൻ. വാസവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണ്;

(സി) ബാങ്കിന്റെ ഇടുക്കി റീജിയണൽ ആഫീസ് നിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് സമിതിയുടെ കണ്ടെത്തലുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ. ജി.സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) സഹകരണസംഘം രജിസ്ട്രാർ സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട്.

(ബി). കരുതൽധന നിക്ഷേപം, വാണിജ്യ ബാങ്കുകളിലെ നിക്ഷേപം എന്നിവ നിയമ വിധേയമായല്ല നടത്തിയിട്ടുള്ളതെന്നും ചില ചെവുകൾ അതാത് അക്കൗണ്ട് ഹെഡുകളിൽ അല്ല അക്കൗണ്ട് ചെയ്തിട്ടുള്ളതെന്നും പരിശോധനാ റിപ്പോർട്ടിൽ പരാമർശിക്കുന്നു.

(സി) ബാങ്കിന്റെ ഇടുക്കി റീജിയണൽ ഓഫീസ് കെട്ടിടം പണിയുന്നതിന് 76.06 ലക്ഷം രൂപ ചെലവു ചെയ്യുന്നതിന് സഹകരണസംഘം രജിസ്ട്രാർ അനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിടം പണി പൂർത്തിയാക്കുന്നതിന് 87.30 ലക്ഷം രൂപ ചെലവ് ചെയ്തെന്ന് പരിശോധനാ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. അധികം ചെലവായ 11.24 ലക്ഷം രൂപയെ സംബന്ധിച്ച് ബാങ്ക് വിശദീകരണം നൽകിയിട്ടുണ്ട്.

(ഡി) കേരള സഹകരണ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിശോധനാ റിപ്പോർട്ടിന്മേലുള്ള ബാങ്കിന്റെ വിശദീകരണം തേടിയിട്ടുണ്ട്. ബാങ്ക് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തൃപ്തികരമല്ലാത്ത കാര്യങ്ങളെ സംബന്ധിച്ച് കേരള സഹകരണ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ കുറവ്

*103 ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. എം.ജെ. ജേക്കബ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം വിവിധ തലങ്ങളിലെ സർക്കാർ സ്കൂളുകളിൽ എത്ര കുട്ടികളുടെ കുറവുണ്ടായി ;

(സി) സർക്കാർ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനുമായി നടപടി സ്വീകരിക്കുമോ;

(ഡി) കൂടുതൽ കുട്ടികളെ സർക്കാർ സ്കൂളുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം: ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) ജനന നിരക്കിലെ കുറവ്, സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ., കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവയുടെ എണ്ണത്തിലുള്ള വർദ്ധന, അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ സാന്നിദ്ധ്യം, ചില സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ കുറവ് എന്നിവയാണ് സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം കുറയാൻ കാരണം.

(ബി) ആകെ 56830 കുട്ടികളുടെ കുറവുണ്ടായിട്ടുണ്ട്.

(സി) & (ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പന്ത്രണ്ടാം ധനകാര്യം കമ്മീഷന്റെയും സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസിന്റെയും സഹായത്താൽ ഗവണ്മെന്റ് സ്കുളുകളിൽ ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തിവരുന്നു. ക്വാളിറ്റി ഇംപ്രൂവ്മെന്റ് പരിപാടിയനുസരിച്ചും സർവ്വശിക്ഷാ അഭിയാൻ അനുസരിച്ചും അദ്ധ്യാപക പരിശീലനം നടന്നുവരുന്നുണ്ട്. സർവ്വശിക്ഷാ അഭിയാനിൽ ഉൾപ്പെടുത്തി സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കാനുമുള്ള നടപടികൾ എടുത്തുവരുന്നു. കൂടാതെ അംഗീകാരമില്ലാത്ത സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രൈവറ്റ് സ്റ്റഡി നിയന്ത്രിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ഇത്തരം സ്കൂളുകളിലെ കുട്ടികൾ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ചേരാനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്.

## കടക്കെണിയിൽപ്പെട്ട കർഷകരുടെ കുടുംബങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

*104 ശ്രീ. എൻ. അനിരുദ്ധൻ
,, ബാബു പോൾ
,, മാങ്കോട് രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടക്കെണിയിൽപ്പെട്ട കർഷകരുടെ മോചനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഇതിനായി ഏതെല്ലാം തരത്തിലുള്ള നിയമ നിർമ്മാണങ്ങൾ നടത്തി എന്ന് വ്യക്തമാക്കുമോ;

(സി) ഈ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഇതുവരെ കർഷകർക്ക് ലഭിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**ഉത്തരം: ശ്രീ. കെ.പി. രാജേന്ദ്രൻ**
**(റവന്യു വകുപ്പുമന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടക്കെണിമൂലം ആത്മഹത്യ ചെയ്ത എല്ലാ കർഷകരുടെയും ആശ്രിതർക്ക് 50,000/- രൂപ വീതം ധനസഹായം നൽകി. കൂടാതെ ആത്മഹത്യ ചെയ്ത കർഷകരുടെ കടബാദ്ധ്യത എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ആത്മഹത്യ ചെയ്ത കർഷകരുടെ സഹകരണ ബാങ്കുകളിലെ 2 ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങളും ഷെഡ്യൂൾഡ് ബാങ്കുകളിലെയും മേഖലാ ഗ്രാമീണ ബാങ്കുകളിലെയും 1 ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങളും എഴുതിത്തള്ളുവാൻ കൃഷിവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ തിരിച്ചടയ്ക്കാത്തതു കാരണമുള്ള ജപ്തി നടപടികളിൽ 2006 ഡിസംബർ 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. സ്വകാര്യ പണിമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലെ കാർഷകരുടെ വായ്പാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കാർഷിക കടാശ്വാസം സംബന്ധിച്ച നടപടിക്രമങ്ങൾ കൃഷി വകുപ്പിനും, നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച കാര്യങ്ങൾ റവന്യൂ വകുപ്പിനും അനുവദിച്ചുകൊണ്ട് റൂൾസ് ഓഫ് ബിസിനസ്സിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായുള്ള നിയമനിർമ്മാണത്തിന്റെ ഭാഗമായി കാർഷിക കടാശ്വാസ ബില്ല് പാസ്സാക്കി അതിന്റെ അടിസ്ഥാനത്തിൽ കാർഷിക കടാശ്വാസ കമ്മീഷൻ നിയമം 2007 നിലവിൽ വരികയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) കാർഷിക കടങ്ങളുടെ ജപ്തി നടപടികൾ താൽക്കാലികമായി നിറുത്തിവച്ച്, കർഷകർക്ക് ആശ്വാസ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, കാർഷിക കടാശ്വാസ കമ്മീഷൻ നിയമം പൂർണ്ണമായി നടപ്പാക്കുമ്പോൾ കർഷകർക്ക് കടാശ്വാസം ലഭിക്കുന്നതാണ്.

## <u>സ്ക്കൂളുകളിലെ ടൂർ പ്രോഗ്രാമുകൾ</u>

*105 ശ്രീ. കെ. ശിവദാസൻ നായർ
,, എം. മുരളി
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന ടൂർ പ്രോഗ്രാമുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ ;

(ബി) ഇത്തരം ടൂർ പ്രോഗ്രാമിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊളളാൻ ഉദ്ദേശിക്കുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്കൂളുകളിൽ നിന്നും ടൂർ പോയ സംഘത്തിലെ എത്ര കുട്ടികൾക്കും അദ്ധ്യാപകർക്കും യാത്രയ്ക്കിടയിൽ മരണമോ പരുക്കുകളോ സംഭവിച്ചിട്ടുണ്ട് ;

(ഡി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും സഹായം അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ?

**ഉത്തരം : ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) & (ബി) സ്കൂളുകളിലെ പഠനയാത്രയ്ക്കായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലില്ലാതിരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് 2.3.2007-ലെ ജി.ഒ.(എം.എസ്)51/07/പൊവിവ ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു)

(സി) 15 കുട്ടികളും 3 അദ്ധ്യാപകരും എറണാകുളം ജില്ലയിലെ തട്ടേക്കാട് ബോട്ടപകടത്തിൽ മരണമടഞ്ഞു. മറ്റ് ജില്ലകളിൽ ഇത്തരം അപകടങ്ങളിൽ മരണമോ പരിക്കുകളോ ഉണ്ടായോ എന്ന വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയ സ്കൂൾ കുട്ടികൾക്കായുള്ള അപകടമരണ ഇൻഷ്വറൻസ് പ്രകാരം 15 കുട്ടികളുടെ കുടുംബങ്ങൾക്ക് 10,000/- (പതിനായിരം) രൂപ വീതം നൽകിയിട്ടുണ്ട്.

GOVERNMENT OF KERALA

[illegible]

[illegible] - [illegible]

[illegible] ([illegible]) [illegible]

[illegible](...)[illegible].51/07/[illegible] [illegible], [illegible], 2/3/2007.

[illegible]: 26.2.07-[illegible] [illegible]2/14749/07 [illegible]

## [illegible]

[illegible]

1. [illegible] [illegible].[illegible] [illegible]
2. [illegible]
3. [illegible]

4. [illegible]

5. [illegible]

6. [illegible]

7. [illegible] 1:15 [illegible] 15 [illegible]

8. [illegible]

9. [illegible]

10. [illegible]

11. യാത്രാ സംഘത്തിന്റെ താമസം, ഓരോ ദിവസവും സന്ദർശിക്കുന്ന സ്ഥലം, ഓരോ ദിവസവും താമസസ്ഥലത്തു നിന്നും പുറപ്പെടുന്നതും തിരിച്ചെത്തുന്നതുമായ സമയം എന്നിവ യാത്രാസമയത്ത് വിനോദയാത്രാ സംഘത്തിന്റെ തലവൻ സൂക്ഷിക്കേണ്ടതും പകർപ്പ് സ്കൂളുകളിലും ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് മുൻകൂർ സമർപ്പിച്ചിരിക്കേണ്ടതുമാണ്.

12. വിനോദയാത്രയ്ക്കിടയിൽ സുരക്ഷിതവും നിലവാരമുള്ളതുമായ താമസസൗകര്യം ക്രമീകരിക്കുന്നതിനും ശുചിത്വവും ആരോഗ്യകരവുമായ ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

13. രാത്രി 9 മണിക്ക് ശേഷമുള്ള യാത്രയും രാവിലെ 6 മണിക്ക് മുമ്പുള്ള യാത്രയും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

14. ആധുനിക വാർത്താവിനിമയ സംവിധാനങ്ങൾ (മൊബൈൽ ഫോൺ പോലുള്ളവ) കരുതിവേണം യാത്രക്കു പുറപ്പെടേണ്ടത്.

15. യാത്രാവസാനം വിദ്യാർത്ഥികൾ രക്ഷാകർത്താക്കളുടെ സമീപം സുരക്ഷിതരായി എത്തിച്ചേർന്നുവെന്നുറപ്പാക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ടതുമാണ്.

16. പഠനയാത്രയ്ക്കായി പലപ്പോഴും വളരെ അകലെയുള്ള സ്ഥലങ്ങളാണ് തെരഞ്ഞെടുക്കാറുള്ളത്. ആയതു കൊണ്ട് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഇതിൽ പങ്കാളിയാവാൻ പലപ്പോഴും സാധിക്കാറില്ല. അതിനാൽ ഇത്തരം കുട്ടികൾക്ക് കൂടി സാമ്പത്തികമായി താങ്ങാവുന്ന സ്ഥലങ്ങൾ മാത്രമേ ഇതിനായി തെരഞ്ഞെടുക്കുന്നുള്ളൂ എന്ന് ഉറപ്പാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

റ്റി.കെ.മോഹൻദാസ്,
ഡെപ്യൂട്ടി സെക്രട്ടറി.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ഉപക്ഷേപം സഹിതം)
പകർപ്പ്: ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ [illegible] പ്രൈവറ്റ് സെക്രട്ടറിക്ക്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

## പാലക്കാട് റെയിൽവേ ഡിവിഷൻ നിലനിർത്താൻ നടപടി

*106 ശ്രീ. എം. ചന്ദ്രൻ
„ വി. ചെന്താമരാക്ഷൻ
„ കെ. കെ. ദിവാകരൻ
„ എം. ഹംസ
„ ടി.പി. കുഞ്ഞുണ്ണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പാലക്കാട് റെയിൽവേ ഡിവിഷനിൽ നിന്നും പ്രധാന ഭാഗങ്ങൾ മാറ്റി സേലം ഡിവിഷൻ രൂപീകരിക്കാനുള്ള നീക്കം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പ്രധാനമന്ത്രി, റെയിൽവേ മന്ത്രി എന്നിവരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) ചർച്ചയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ;

(ഡി) ഈ വിഷയത്തിൽ പ്രധാനമന്ത്രിയും റെയിൽവേ മന്ത്രിയും എന്തെങ്കിലും ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് എന്തെന്ന് വ്യക്തമാക്കുമോ?

**ഉത്തരം** : ശ്രീ. എം.വിജയകുമാർ
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) & (ബി) പാലക്കാട് റെയിൽവേ ഡിവിഷനിൽനിന്നും പ്രധാനഭാഗങ്ങൾ മാറ്റി സേലം ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ മന്ത്രിസഭ ഇക്കാര്യം ചർച്ച ചെയ്യുകയും സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം റെയിൽ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തു. കൂടാതെ മുഖ്യമന്ത്രി കേന്ദ്ര റെയിൽ മന്ത്രിക്ക് നിവേദനം നൽകുകയും ഈ തീരുമാനം പുന:പരിശോധിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്ന് റെയിൽവേയുടെ ചാർജ്ജുള്ള മന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള എം.പി.-മാരടങ്ങുന്ന നിവേദകസംഘം ഇത് സംബന്ധിച്ച് പ്രധാനമന്ത്രിയേയും റെയിൽവേ മന്ത്രിയേയും നേരിൽക്കണ്ട് ചർച്ചകൾ നടത്തുകയും നിവേദനം നൽകുകയും ചെയ്തു.

(സി) പാലക്കാട് ഡിവിഷനെ വിഭജിച്ചുകൊണ്ട് സേലം ഡിവിഷൻ രൂപീകരിക്കാൻ പാടില്ല എന്നതാണ് സർക്കാർ നിലപാട്

(ഡി) ഈ തീരുമാനം പുന:പരിശോധിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.

## ദുരന്ത നിവാരണ മാനേജ്മെന്റ് നിയമം

*107 ശ്രീ. കെ. എം. മാണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ദുരന്ത നിവാരണ മാനേജ്മെന്റിനെ സംബന്ധിച്ച് നിയമമുണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമമനുസരിച്ച് സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ചുള്ള സംസ്ഥാന അതോറിറ്റി, ജില്ലാതല അതോറിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയമമനുസരിച്ചുള്ള സംസ്ഥാനത്തിന്റെ നയം രൂപീകരിച്ചിട്ടുണ്ടോ: എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**ഉത്തരം : ശ്രീ. കെ. പി. രാജേന്ദ്രൻ**
**(റവന്യൂ വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) & (സി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ഡിസാസ്റ്റർ മാനേജുമെന്റ് ആക്ട് 2005-ലെ സെക്ഷൻ 78 പ്രകാരം സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ വിജ്ഞാപനം ചെയ്തശേഷം കേന്ദ്ര സർക്കാരിന്റെ ആക്ടിലെ ചട്ടം 1 (3) പ്രകാരം കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനത്തിനുശേഷം സംസ്ഥാന അതിറിറ്റി, ജില്ലാതല അതോറിറ്റികൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഡിസാസ്റ്റർ മാനേജുമെന്റ് ആക്ട് 2005-ൽ വിവക്ഷിക്കുന്ന പ്രകാരം ഡിസാസ്റ്റർ മാനേജുമെന്റ് പോളിസി, സ്റ്റേറ്റ് പ്ലാൻ, ഡിസ്ട്രിക്ട് പ്ലാൻ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

# ഐ.ടി.അറ്റ് സ്ക്കൂൾ

*108 ശ്രീ. മോൻസ് ജോസഫ്
,, വി.സുരേന്ദ്രൻപിള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഐ.ടി.അറ്റ് സ്ക്കൂൾ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവ എത്രമാത്രം പ്രാവർത്തികമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദീകരിക്കുമോ;

(ഡി) അദ്ധ്യാപകരുടെ ഐ.ടി. പരിശീലനം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) എല്ലാ വിഷയങ്ങളും ഐ.ടി.യിലൂടെ പഠിപ്പിക്കുന്ന കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസ പരിപാടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം : ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) ആദ്യം ഐ.ടി. വിദ്യാഭ്യാസവും തുടർന്ന് ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസവും എന്നതായിരുന്നു ഐ.ടി. അറ്റ് സ്കൂൾ പദ്ധതിയുടെ ലക്ഷ്യം

(ബി) പരിശോധിച്ചിട്ടുണ്ട്. വിഷൻ 2010 രേഖയിൽ നിർദ്ദേശിച്ചിരുന്ന ഒന്നാംഘട്ട പ്രവർത്തനങ്ങൾ എല്ലാം പൂർത്തിയാക്കിക്കഴിഞ്ഞു. ഐ.ടി. അറ്റ് സ്കൂൾ പ്രോജക്ട് എല്ലാ സ്കൂളുകളിലും നടപ്പാക്കുന്നതിനായി രണ്ടു ഘട്ടങ്ങളിലായി അഡ്വക്കസി കാമ്പയിനുകൾ നടത്തി. സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുന്നതിന് പ്രാദേശികമായ മുൻകയ്യോടെ വിഭവസമാഹരണം നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ജില്ലാ സ്കൂൾ തലങ്ങളിൽ ഐ.ടി. ഉപദേശക സമിതികൾ രൂപീകരിക്കുകയും ചെയ്തു. സംസ്ഥാനത്തൊട്ടാകെയുള്ള 2700-ഓളം ഹൈസ്കൂളുകളിലായി 35000-ൽപരം കമ്പ്യൂട്ടറുകൾ ഇന്നുണ്ട്. മുഴുവൻ സ്കൂളുകളിലും കമ്പ്യൂട്ടർ പരിശീലനം നേടിയ അദ്ധ്യാപകരുമുണ്ട്.

(സി) വിഷൻ 2010 രേഖയിൽ സൂചിപ്പിച്ചതുപോലെ എല്ലാ വഷയവും ഐ.ടി. സഹായത്തോടെ പഠിപ്പിക്കാനുള്ള പരിപാടി പ്രോജക്ടിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ നടപ്പാക്കേണ്ടതുണ്ട്. എസ്.സി.ഇ.ആർ.റ്റി.-യുടെ നേതൃത്വത്തിൽ നടക്കുന്ന പാഠ്യപദ്ധതി പരിഷ്ക്കരണ പരിപാടിയിൽ ഐ.ടി. സഹായക പഠനത്തിനുള്ള ഒരു ഫോക്കസ് ഗ്രൂപ്പ് പ്രവർത്തിക്കുന്നുണ്ട്. 2008-09 സ്കൂൾ വർഷത്തിൽ ഐ.ടി. സഹായപഠനം വ്യാപകമാക്കാൻ സാധിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടന്നുവരികയാണ്. 2007-08 സ്കൂൾ വർഷത്തിൽ ഏതാനും സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇത് നടപ്പാക്കാനുള്ള ആലോചനകൾ നടന്നുവരുന്നു.

(ഡി) 2002-2004 വരെ 42000 അദ്ധ്യാപകർക്ക് വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലും, അതിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെയറിലും പരിശീലനം നൽകി. 2004-05 മുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയറായ ഗ്നു/ലിനക്സ് അടിസ്ഥാനമാക്കിയുള്ള പരിശീലനം 8, 9 ക്ലാസ്സിൽ പഠിപ്പിക്കുന്ന 25000 അദ്ധ്യാപകർക്ക് നൽകിക്കഴിഞ്ഞു.

(ഇ) മുകളിൽ സിയിൽ കൊടുത്തിട്ടുണ്ട്.

## സേലം റെയിൽവേ ഡിവിഷൻ രൂപീകരണപ്രശ്നം

*109 ശ്രീ. കെ.അച്ചുതൻ
„ കെ.സി. വേണുഗോപാൽ
„ വി.ഡി.സതീശൻ
„ ബി. ബാബു പ്രസാദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സേലം ഡിവിഷൻ രൂപീകരിക്കുന്നതുമൂലം കേരളത്തിന്റെ റെയിൽവേ രംഗത്തുണ്ടാകാവുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്;

(ബി) കേന്ദ്ര ഗവൺമെന്റിൽ ഇവ ഉന്നയിച്ചുകൊണ്ട് എന്തൊക്കെ സമ്മർദ്ദം ചെലുത്തുകയുണ്ടായി;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റെയിൽവെ വികസനത്തിനുവേണ്ടി എന്തൊക്കെ നടപടികൾ കൈക്കൊണ്ടു; ഇതിലൂടെ സംസ്ഥാനത്ത് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്?

**ഉത്തരം : ശ്രീ. എം.വിജയകുമാർ**
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) സേലം ഡിവിഷൻ രൂപീകരിക്കുന്നതുമൂലം പാലക്കാട് ഡിവിഷനിൽ ഉള്ള 1132 കി.മി. റെയിൽവേ ലൈനിൽനിന്നും പകുതിയോളം നഷ്ടമാകും. ഇതുമൂലം പാലക്കാട് ഡിവിഷൻ തന്നെ അപ്രസക്തമാവുകയും കേരളത്തിനായി ലഭിക്കുന്ന റയിൽ വിഹിതത്തിൽ സാരമായ കുറവ് ഉണ്ടാകുകയും ചെയ്യും.

(ബി) ഈ നീക്കം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്ര റെയിൽവേ മന്ത്രാലയത്തെ അറിയിക്കുകയും, മുഖ്യമന്ത്രി, റെയിൽവേയുടെ ചാർജ്ജുള്ള മന്ത്രി കേരളത്തിൽ നിന്നുള്ള എം.പി.-മാർ എന്നിവർ പ്രധാനമന്ത്രിയുമായും റെയിൽവേ മന്ത്രിയുമായും ചർച്ചകൾ നടത്തുകയും ഈ തീരുമാനം പുന:പരിശോധിക്കുവാൻ നിവേദനം നൽകുകയും ചെയ്തു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയും റെയിൽവേയുടെ ചാർജ്ജുള്ള മന്ത്രിയും പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആദ്യം നിവേദനം നൽകുകയുണ്ടായി. തുടർന്ന് 11.11.2006-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ മന്ത്രിമാർ, എം.പി.-മാർ എന്നിവർ ദക്ഷിണ റെയിൽവേയുടെ ഉന്നത ഉദ്യോഗസ്ഥരുമായി വിശദമായ ഒരു ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ റെയിൽവേയുടെ ചാർജ്ജുള്ള മന്ത്രി, നേരിട്ട് കേന്ദ്ര റെയിൽ മന്ത്രിക്ക് നൽകുകയും അനുകൂലമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. റെയിൽ ബഡ്ജറ്റിനു മുമ്പായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽ മന്ത്രിയുമായി വിശദമായ പ്രീ-ബഡ്ജറ്റ് ചർച്ചകൾ നടത്തുകയുണ്ടായി.

ഈ ചർച്ചകളുടെ ഫലമായി മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി റെയിൽവേയ്ക്ക് ഒരു പ്രത്യേക പരിഗണന ലഭിച്ചിട്ടുണ്ട്. ഏകദേശം 300 കോടിയിൽപ്പരം രൂപ വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

<u>**വരൾച്ച നേരിടുന്നതിനുള്ള നടപടികൾ**</u>

*110 പ്രൊഫ.എൻ.ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. സി.എഫ്.തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ രൂക്ഷമായ വരൾച്ചയെ നേരിടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) ഇതിലേയ്ക്കായി ഓരോ ജില്ലയ്ക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം : ശ്രീ. കെ.പി. രാജേന്ദ്രൻ**
**(റവന്യൂ വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്തെ രൂക്ഷമായ വരൾച്ച നേരിടുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് 8.2.2007-ൽ സർക്കാർ വിശദമായ സർക്കുലർ (നമ്പർ 9041/കെ3/ഡി.എം.ഡി) പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു) വരൾച്ച നേരിടുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു. രൂക്ഷമായ വരൾച്ചാ ബാധിത പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് വരൾച്ചയെ നേരിടാൻ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം എല്ലാ ജില്ലകളിലും വിളിച്ചു ചേർത്തു കഴിഞ്ഞു. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണത്തിനായുള്ള സംവിധാനവും ഉണ്ടാക്കിയിട്ടുണ്ട്. താരതമ്യേന ചെറിയ തുക ചെലവ് വരുന്ന പദ്ധതികളായ, ഉപയോഗയോഗ്യമല്ലാതായിത്തീർന്നിട്ടുള്ള കുഴൽക്കിണറുകൾ, പൊതുകിണറുകൾ/കുളങ്ങൾ എന്നിവ നന്നാക്കുകയും ടാങ്കുകളിലെയും പൊതു കുളങ്ങളിലെയും ചെളിമാറ്റി ഉപയോഗയോഗ്യമാക്കുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ വരൾച്ചാക്കാലത്ത് ജലദുർവിനിയോഗം തടയുന്നതിനും, ശുദ്ധജലം മോട്ടോർ ഉപയോഗിച്ച് അനധികൃതമായി ഊറ്റിയെടുക്കുന്നവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഓരോ ജില്ലയ്ക്കും വരൾച്ച നേരിടുവാൻ വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുക (5.3.2007 വരെ) അനുബന്ധമായി ചേർത്തിരിക്കുന്നു.

കേരള സർക്കാർ

നം. 9041/കെ3/07/ഡി.എം.ഡി

ഡി.എം (റവന്യൂ-കെ) ഡിപ്പാർട്ട്മെൻറ്.

തീയതി, 8/2/2007.

## <u>സർക്കുലർ</u>

വിഷയം:- 2007 ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

....

1. ഈ വർഷം സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ളക്ഷാമവും ഉണ്ടാവുകയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള വരൾച്ചബാധിത പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും ആ പ്രദേശങ്ങളിൽ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായിട്ടുള്ള നടപടികൾ കൈക്കൊള്ളുന്നതിനുമായി പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡൻറുമാർ, ജില്ലയിലെ എം.എൽ.എ മാർ, എം.പി മാർ മുനിസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ മേയർമാർ, ജന പ്രതിനിധികൾ, ജില്ലയിലെ വാട്ടർ അതോറിറ്റി ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഗ്രൗണ്ട് വാട്ടർ, പി.ഡബ്ലിയു.ഡി, ഇലക്ട്രിസിറ്റി ബോർഡ് റവന്യൂ എന്നിവകളുടെ ജില്ലാതല ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാകളക്ടർ ജില്ലാതല വരൾച്ചാ ദുരിതാശ്വാസ കമ്മിറ്റി വിളിച്ചു കൂട്ടേണ്ടതാണ്. താലൂക്കുകളിൽ ഓരോ ഡെപ്യൂട്ടി കളക്ടർമാരെ ഇതിന്റെ പ്രത്യേക ചുമതല ഏൽപ്പിക്കണം. ഇവർ നിയോജക മണ്ഡലങ്ങളിലും, പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ചേരുന്ന യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കണം.

3. താരതമ്യേന ചെറിയതുക ചെലവ് വരുന്ന പദ്ധതികളായ ഉപയോഗയോഗ്യമല്ലാതായിത്തീർന്നിട്ടുള്ള കുഴൽ കിണറുകൾ, പൊതുകിണറുകൾ/ കുളങ്ങൾ എന്നിവ നന്നാക്കുകയും ടാങ്കുകളിലെയും, പൊതുകുളങ്ങളിലെയും ചെളിമാറ്റി ഉപയോഗയോഗ്യമാക്കുക തുടങ്ങിയവയായ നടപ്പിലാക്കാവു, ഓരോ ജില്ലകളിലും ഇത്തരത്തിൽ ചെയ്യേണ്ടുന്ന

പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി ഓരോ ജില്ലയിലും പ്രൊപ്പോസലുകൾ ക്രോഡീകരിച്ച്, സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. സർക്കാരിന്റെ അനുമതി കൂടാതെ പുതിയ പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കാൻ പാടില്ല. മൈനർ ഇറിഗേഷന്റെ, വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ മോട്ടോറിന്റെ അറ്റകുറ്റപ്പണി, കനാലുകൾ വൃത്തിയാക്കൽ തുടങ്ങിയ പണികൾക്ക് മുൻഗണന നൽകണം.നിലവിലുള്ള പൈപ്പ്ലൈനുകളിൽ നിന്നും ചെറിയ മോട്ടോറുകൾ ഉപയോഗിച്ച് വെള്ളം പമ്പുചെയ്ത് എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വലിയ ഹോട്ടലുകൾ, ആശുപത്രികൾ, ലോഡ്ജുകൾ, കല്യാണമണ്ഡപങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, വീടുകൾ തുടങ്ങിയ പലയിടങ്ങളിലും അനധികൃതമായി വെള്ളം ഊറ്റിയെടുക്കുന്നുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ മിന്നൽ പരിശോധനകൾ നടത്തി കാരണക്കാരായവർക്കെതിരെ ക്രിമിനൽ നടപടികൾ ചട്ടപ്രകാരം സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർ കീഴുദ്യോഗസ്ഥൻമാർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. പത്രമാധ്യമങ്ങളിലൂടെ ഇക്കാര്യം പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

4. ടാങ്കർ ലോറികളിലും നാടൻ വള്ളങ്ങളിലും കുടിവെള്ളം വിതരണം നടത്തുന്നത് കുടിവെള്ളക്ഷാമം അത്യന്തം രൂക്ഷമായിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ പാടുള്ളൂ. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുവെന്നും അവിടെ കുടിവെള്ള വിതരണം ചെയ്യണമെന്നും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നിർദ്ദേശിക്കുന്ന സ്ഥലങ്ങൾ റവന്യൂ ഉദ്യോഗസ്ഥന്മാർ നേരിൽ പരിശോധിച്ച് ആവശ്യകത ഉറപ്പുവരുത്തി ജില്ലാകളക്ടർമാർക്ക് റിപ്പോർട്ട് നൽകണം. കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടാങ്കർ ലോറികളിൽ ജലവിതരണം ചെയ്യാൻ പാടുള്ളൂ. ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ ട്രിപ്പ് ഷീറ്റുകൾ പഞ്ചായത്ത് അധികാരികളോ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനും വില്ലേജ് ഓഫീസറും ബന്ധപ്പെട്ട വാർഡുമെമ്പറും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ, പ്രസിഡന്റും സംയുക്തമായി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപ്രകാരം കുടിവെള്ളം വിതരണം ചെയ്തതിനെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ കളക്ടർ സർക്കാരിലേയ്ക്ക് പ്രത്യേകം തയ്യാറാക്കിയ പ്രൊഫോർമയിൽ സമർപ്പിക്കേണ്ടതാണ്. പ്രൊഫോർമയിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കണം.

(1) എത്രദിവസം കുടിവെള്ളം വിതരണം ചെയ്തു. (2) വിതരണം ചെയ്ത പ്രദേശങ്ങൾ, (3) ആകെ ടാങ്കർ ലോറികളുടെ എണ്ണം. (4) എത്ര ട്രിപ്പുകൾ വിതരണം ചെയ്തു. (5) വെള്ളത്തിന്റെ അളവ്, (6) വേണ്ടിവന്ന തുക.

5. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് ദുരിതാശ്വാസ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

6. പുതിയ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള അനുമതിക്കായി ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ അയക്കുന്നതിന് മുമ്പ് പ്രസ്തുത പദ്ധതി വരൾച്ച മൂലം ഉണ്ടായ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുന്നതിന് സാദ്ധ്യതയുള്ളതാണോ എന്നത് സംബന്ധിച്ച പഠന റിപ്പോർട്ടും സർക്കാരിലേയ്ക്ക് അയച്ചുതരേണ്ടതാണ്. ഓരോ ജില്ലയിലും അനുഭവപ്പെടുന്ന വരൾച്ചയുടെ രൂക്ഷത, ഏറ്റെടുത്ത് നടപ്പിലാക്കിയ ദുരിതാശ്വാസ പദ്ധതികൾ എന്നിവയുടെ സംക്ഷിപ്ത വിവരണം എല്ലാ രണ്ടാഴ്ചയിലൊരിക്കലും സർക്കാരിനെ അറിയിക്കേണ്ടതാണ്. ക്വാളിറ്റി കൺട്രോൾ റൂമിൽ ഡെയിലി റിപ്പോർട്ട് അയക്കേണ്ടതാണ്. ഈ വേനൽക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയുന്ന പദ്ധതികളാണെന്ന് ഉറപ്പുവരുത്തിക്കൊണ്ടുമാത്രമേ പദ്ധതികൾക്ക് അനുമതി നൽകാവൂ.

7. ജലവിഭവ വകുപ്പ്, കുടിവെള്ള വിതരണത്തിനായി, പഞ്ചായത്തുകളുമായി സഹകരിച്ച്, K R W S A വഴി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നടപ്പാക്കാനുള്ള സാദ്ധ്യത ജില്ലാകളക്ടർമാർ ആരായേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഡോ. നിവേദിത.പി. ഹരൻ,
പ്രിൻസിപ്പൽ സെക്രട്ടറി.

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ.

പകർപ്പ്: എല്ലാ ജില്ലാ കളക്ടർമാർക്കും.
ലാൻറ് റവന്യൂ കമ്മീഷണർ
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ (എസ്.എൽ.എം.സി) വകുപ്പ്.
ജലവിഭവ വകുപ്പ്/ക്വാളിറ്റി കൺട്രോൾ റൂം.
റവന്യൂ കെ1, കെ2, കെ4 വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

## Annexure - I

District wise and Head of Account wise details Of release of funds for drought relief activities from NCRF 2006-07

(In Rs.) (As on 5-3-2007)

| District/ Head of Account | TVPM | KLM | PTA | ALPY | KTM | IDU | EKM | TSR | PKD | MLPM | KKD | WND | KNR | KSDE | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2245-01-101-99 - Drought - Agriculture Crop Loss | 0 | 0 | 0 | 0 | 0 | 0 | 0 | 28791 | 0 | 115412 | 0 | 0 | 0 | 0 | 144203 |
| 2245-01-101-98 - Drought - Food and Clothing | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2245-01-800-98 - Drought - Veterinary Care | 0 | 0 | 0 | 0 | 0 | 0 | 0 | 21450 | 0 | 0 | 0 | 0 | 0 | 0 | 21450 |
| 2245-01-102-99 - Drought - Drinking Water Supply | 7000000 | 9000000 | 7000000 | 11083000 | 9000000 | 6000000 | 20302798 | 9000000 | 14000000 | 9000000 | 9000000 | 11000000 | 9000000 | 7000000 | 137385798 |
| TOTAL | 7000000 | 9000000 | 7000000 | 11083000 | 9000000 | 6000000 | 20302798 | 9050241 | 14000000 | 9115412 | 9000000 | 11000000 | 9000000 | 7000000 | 137551451 |

## പട്ടയവിതരണ നടപടി

*111 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനകം എത്രപേർക്ക് പട്ടയം നല്കി; ഏതെല്ലാം തരത്തിലുള്ള പട്ടയമാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ എത്രപേർക്കാണ് കൈവശാവകാശരേഖ നല്കിയിട്ടുള്ളത്;

(സി) മേൽ പറയപ്പെട്ട രണ്ടിനങ്ങളിലായി ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് സമ്പൂർണ്ണ പട്ടയമേള നടത്തി അവശേഷിക്കുന്ന എല്ലാവർക്കും പട്ടയം നല്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ. കെ.പി. രാജേന്ദ്രൻ**
**(റവന്യൂ വകുപ്പുമന്ത്രി)**

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനകം 10,024 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. പുറമ്പോക്ക് പട്ടയം, ലക്ഷം വീട് പട്ടയം, നാല് സെന്റ് പട്ടയം, ആദിവാസി പട്ടയം, മിച്ച ഭൂമി പട്ടയം, എൽ.റ്റി. പട്ടയം, വനഭൂമി പട്ടയം, ഫിഷർമാൻ പട്ടയം, ശ്രീ പണ്ടാര വക പട്ടയം, വ്യവസായ പട്ടയം, ഭൂദാൻ പട്ടയം, കാണം സെറ്റിൽമെന്റ് ഓർഡർ, ദേവസ്വം പട്ടയം എന്നീ തരത്തിലുള്ള പട്ടയങ്ങളാണ് നൽകിയിട്ടുള്ളത്.

(ബി) ഈ കാലയളവിൽ 1700 പേർക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) അവശേഷിക്കുന്ന എല്ലാവർക്കും പട്ടയം നല്കാൻ നടപടി സ്വീകരിച്ചു വരുന്നു. 2007 ഫെബ്രുവരി 6-ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട പട്ടയമേള സംസ്ഥാനത്ത് എട്ടു ജില്ലകളിൽ നടത്തുകയുണ്ടായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നിവയാണ് ഈ ജില്ലകൾ. ഈ ജില്ലകളിൽ നടന്ന മേളകളിൽ നൽകിയ പട്ടയങ്ങളിൽ ഉൾപ്പെടെയാണ് (എ) ഖണ്ഡിക പ്രകാരമുള്ള 16024 പട്ടയങ്ങൾ. അവശേഷിക്കുന്ന ആറു ജില്ലകളിൽ കൂടി ഏപ്രിൽ മാസങ്ങളിൽ പട്ടയമേളകൾ സംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതോടെ ആകെ മുപ്പതിനായിരത്തോളം പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിയുമെന്ന് കരുതുന്നു.

അനുബന്ധം

# ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഇനങ്ങളിലായി നൽകിയ പട്ടയങ്ങളുടെ കണക്ക്

| ജില്ല | പുറംപോക്ക് പട്ടയം | ലക്ഷം വീട് പട്ടയം | താലൂക്ക്സെൻറ് പട്ടയം | ആദിവാസി പട്ടയം | മിച്ചഭൂമി പട്ടയം | എൽ ടി പട്ടയം | വനഭൂമി പട്ടയം | മലയോര കർഷകപട്ടയം | ഷിൽഡർമാൻ പട്ടയം | ശ്രീപണ്ടാരവക പട്ടയം | വ്യവസായ പട്ടയം | ഭൂദാന പട്ടയം | [illegible] | കാണം ജെന്മി ഗവൺമെൻറ് ഓർഡർപ്രകാരം | ദേവസ്വം | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| തിരുവനന്തപുരം | 358 | 120 | | | | 28 | | | | 30 | | | | | | 536 | |
| കൊല്ലം | 902 | | 254 | 3 | 8 | | | | | | | | | | | 1167 | ക്രമ നം. 1 ൽ 664 ബ്യനാമി പട്ടയം ഉണ്ട്. |
| പത്തനംതിട്ട | 175 | 31 | | | 17 | 22 | | | | | | | | | | 245 | |
| ആലപ്പുഴ | 271 | 205 | 187 | - | 19 | 298 | | | | | 03 | | | | 48 | 1031 | |
| കോട്ടയം | 06 | 08 | | | | 25 | | | | | | | | | | 39 | |
| ഇടുക്കി | 01 | | | | | | 265 | | | | | | | | | 266 | |
| എറണാകുളം | 194 | | | | 18 | 453 | | | | | | | | 487 | | 1152 | |
| തൃശ്ശൂർ | 36 | 22 | 291 | 11 | 119 | 844 | 25 | | 22 | | 02 | | | | | 1372 | |
| പാലക്കാട് | 87 | 03 | 89 | | 967 | 2180 | | | | | | | | | | 3326 | |
| മലപ്പുറം | 117 | 45 | 36 | | 323 | 3761 | | | | | | | | | | 4282 | |
| കോഴിക്കോട് | 11 | | 10 | | | 1576 | | | | | | | | | | 1597 | |
| വയനാട് | 18 | | 15 | | 19 | 98 | | | | | | | | | | 150 | |
| കണ്ണൂർ | 02 | 24 | | 13 | 568 | | | | | | | 09 | | | | 616 | |
| കാസർഗോഡ് | 224 | | | | 21 | | | | | | | | | | | 245 | |
| | 2402 | 458 | 882 | 27 | 2079 | 9285 | 290 | - | 22 | 30 | 05 | 09 | | 487 | 48 | 16024 | |

അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയ കൈവശാവകാശ രേഖകളുടെ കണക്ക്

| ക്രമ നം. | ജില്ല | കൈവശാവകാശ രേഖകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 335 |
| 2. | കൊല്ലം | 206 |
| 3. | പത്തനംതിട്ട | 212 |
| 4. | ആലപ്പുഴ | 289 |
| 5. | കോട്ടയം | 02 |
| 6. | ഇടുക്കി | – |
| 7. | എറണാകുളം | 62 |
| 8. | തൃശ്ശൂർ | 75 |
| 9. | പാലക്കാട് | 192 |
| 10. | മലപ്പുറം | 218 |
| 11. | കോഴിക്കോട് | – |
| 12. | വയനാട് | 54 |
| 13. | കണ്ണൂർ | 43 |
| 14. | കാസറഗോഡ് | 12 |
| | ആകെ | 1700 |

AC (LA)

## കലാപരിശീലന സ്കോളർഷിപ്പ്

*112 ശ്രീ. ജോസ് തെറ്റയിൽ
,, കെ.പി. മോഹനനൻ
,, എം.കെ.പ്രേംനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) നിർദ്ധന വിദ്യാർത്ഥികളുടെ കലാപരിശീലനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) നിർദ്ധനവിദ്യാർത്ഥികളുടെ കലാപരിശീലനത്തിന് സ്കോളർഷിപ്പ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) കലോത്സവ നടത്തിപ്പിന് നിലവിലുള്ള മാർഗ്ഗരേഖ ശാസ്ത്രീയമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം :** ശ്രീ. എം.എ.ബേബി
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) കലാ സാഹിത്യരംഗത്ത് മികവ് പ്രകടിപ്പിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് ധനസഹായം നൽകുന്നതിനായി വകുപ്പിന്റെ പ്ലാൻ സ്കീമിൽ 2006-07 വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തുകയും 14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) കലാസാഹിത്യ രംഗത്ത് മികവ് പ്രകടിപ്പിക്കുന്ന നിർദ്ധനരായ (കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ താഴെ) കുട്ടികൾക്ക് ഇപ്പോൾ 5000 രൂപവരെ ധനസഹായമായി നൽകുന്നുണ്ട്. സ്കോളർഷിപ്പ് ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കലോൽസവ മാർഗ്ഗരേഖ കലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## കോളേജുകളിലെ റാഗിംഗ് തടയുന്നതിന് നടപടി

*113 ശ്രീ.കെ.വി. അബ്ദുൾ ഖാദർ
„ കെ.ടി. ജലീൽ
„ മുരളി പെരുനെല്ലി
„ എ. പ്രദീപ് കുമാർ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാസംക്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ റാഗിംഗ് തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) റാഗിംഗ് കേസുകൾ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുപകരം അവ മറച്ചുവയ്ക്കുന്നതിനും ഒതുക്കി തീർക്കുന്നതിനും കോളേജ് അധികൃതർ ശ്രമിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) വിശദാംശങ്ങൾ താഴെക്കൊടുത്തിട്ടുള്ളവയാണ്. സംസ്ഥാന വിദ്യഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിരോധിക്കുന്നത് സംബന്ധിച്ച് കേരള റാഗിംഗ് നിരോധന ആക്ട് (1998 ലെ 10-ാം ആക്ട്) 1998-ൽ നിലവിൽ വരുകയുണ്ടായി. തുടർന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 21.11.2005-ലെ സ.ഉ.(സാധാ) നം.1943/2005/ഉ.വി. പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചുകൊണ്ട് വിശദാംശം അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. തൽഫലമായി സംസ്ഥാനതലത്തിലും കോളേജ് വിദ്യാഭ്യാസ സ്ഥാപനതലത്തിലും കോളേജ് സ്ഥാപന മേധാവികളെയും അദ്ധ്യാപക/രക്ഷകർത്തൃ സമിതി പ്രതിനിധികളെയും ഉൾപ്പെടുത്തി റാഗിംഗ് വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുകയും സർക്കാർ ഉത്തരവിൽ പറയുന്ന നിർദ്ദേശങ്ങൽ പ്രാവർത്തികമാക്കിവരുകയും ചെയ്യുന്നു. ഇതു കൂടാതെ 24-11-2005-ലെ സ.ഉ.(സ) നം.1956/2005/ഉ.വി. പ്രകാരം 2005 ഡിസംബർ 5 റാഗിംഗ് വിരുദ്ധ ദിനമായി ആചരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുകയുണ്ടായി. പ്രസ്തുത ദിനാചരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗ് തടയുന്നതിനായി ബോധവൽക്കരണത്തിനായി വിവിധ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിനുപരിയായി കോളേജ് സ്ക്കൂൾ കാമ്പസുകളിൽ നിന്നും റാഗിംഗ് പരിപൂർണ്ണമായി നിരോധിക്കുന്നതിന് ആവശ്യമായ നിബന്ധനകൾ 1.11.2006 ലെ 31787/കെ3/06/ഉ.വി.വ നം. സർക്കുലർ പ്രകാരം എല്ലാ സ്ക്കൂൾ/കോളേജ് വകുപ്പു മേധാവികൾക്കും സർക്കാർ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം iii ആയി ചേർത്തിട്ടുണ്ട്.

(ബി) & (സി) അപ്രകാരമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

19

ആനക്സ്വർ I

GOVERNMENT OF KERALA

Abstract

Higher Education Department – Prevention of Ragging in the Educational Institutions in the State - Guidelines issued.

HIGHER EDUCATION (K) DEPARTMENT

G.O.(Rt)No.1943/05/H.Edn. Dated, Thiruvananthapuram, 21.11.2005

Read : Decisions of the meeting of Minister(Education) on 19.11.2005 with the Officials of Higher Education Department

## ORDER

Government have analysed the social and educational problem created out of the context of the recent incidents of ragging in some educational institutions in the State and reached on a conclusion that in order to ensure the dignity of the students and the educational standards of the colleges/institutions this tendency for ragging has to be curbed. Taking into account of all these factors Government order the constitution of the following Committees at State/College/Institution level:-

**I. State Level Committee**

| | | |
|---|---|---|
| (i) | The Principal Secretary (Higher Education) | Chairman |
| (ii) | The Director of Collegiate Education | Member |
| (iii) | The Director of Technical Education | Member |

**II. Committee at the College/Institution level**

| | | |
|---|---|---|
| (i) | Principal | Chairman |
| (ii) | Senior Head of Department to be nominated by the Principal | Convenor |
| (iii) | A lady faculty member | |
| (iv) | PTA nominee | |
| (v) | A nominee of the management | |

2. The following guidelines are also issued:-

The institution level committee will

a) keep continuous watch and vigilance for ragging incidents so as to prevent its occurrence

b) promptly deal with the incidents of ragging brought to the notice and summarily punish the guilty by putting forth its finding/suggestion before the authority competent to take action.

c) Ensure compliance of the provisions of the Kerala Prohibition of Ragging Act 1998(Act 10 of 1998)

III. An undertaking will be obtained from the students and their parent/guardian studying in the institution regarding prevention of ragging in the institution before the commencement of each academic year.

IV. A printed leaflet will be given to freshers and their parent/guardian at the time of admission detailing when and to whom one has to turn for information and guidelines along with address and telephone number of such officers.

V. The managements, Principal and teaching staff will constantly interact with freshers to instill confidence in their minds.

VI. The Head of the institution or a person of higher authority will address the meeting of teachers, parents and students to enhance the awareness and ensure prevention of ragging in the institutions.

VII. The Government will consider ragging as a very serious offence and will take all steps to eliminate this menace from all the educational institutions. Under the Act, any person convicted of ragging will be liable to be punished with imprisonment upto two years along with fine.

BY ORDER OF THE GOVERNOR,
**B. SREEDEVI,**
Deputy Secretary to Government.

To

The Director of Collegiate Education, Thiruvananthapuram
The Director of Technical Education, Thiruvananthapuram
The Registrars, University of Kerala, Thiruvananthapuram/ M.G.University, Kottayam/Sree Sankaracharya University of Sanskrit, Kalady, Ernakulam/Cochin University of Science and Technology, Kochi/Calicut University, Kozhikode/ Kannur University, Kannur.
The Director, LBS Centre for Science & Technology, Thiruvananthapuram
The Director, Institute of Human Resource Development
The Director, Centre for Continuation Education Kerala, Thiruvananthapuram
Home Department
The Director of Public Relations(for publicity through media)
Stock File/Office Copy

FORWARDED/BY ORDER,
SECTION OFFICER.

അനുബന്ധം (I)

കേരള സർക്കാർ

No:31787/കെ3/2006/ഉവിവ.
ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി 21.11.2006.

## സർക്കുലർ

വിഷയം: കേരള സംസ്ഥാനത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് തടയുന്നത് - സംബന്ധിച്ച്

സൂചന: 1. റാഗിംഗ് നിരോധിച്ചുകൊണ്ടുള്ള 1998 ഏപ്രിൽ 24 ലെ 16992/ലെഗ് ബി/97/നിയമം നമ്പർ സർക്കാർ വിജ്ഞാപനം(കേരളാ റാഗിംഗ് നിരോധന ആക്ട് 1998)

2. 21.11.2005 ലെ സർക്കാർ ഉത്തരവ്(സാധാ)നമ്പർ 1943/2005/ഉവിവ

കേരള സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിരോധിച്ചുകൊണ്ട് സൂചന (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തുടർന്ന് റാഗിംഗ് തടയുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (2) ലെ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുമുണ്ട്. എന്നാൽ വീണ്ടും കേരളത്തിലെ ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അകത്തും പുറത്തും റാഗിംഗ് നടക്കുന്നതായി അടുത്ത കാലത്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ റാഗിംഗ് കോളേജ്/സ്കൂൾ കാമ്പസുകളിൽ നിന്നും പരിപൂർണ്ണമായി നിരോധിക്കുന്നതിന് സൂചന (1) അടിസ്ഥാനമാക്കി താഴെ പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കപ്പെടുന്നതിന് കോളേജ്/സ്കൂൾ വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകുന്നു.-

1. കേരളത്തിലെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിനകത്തോ പുറത്തോ റാഗിംഗ് നടത്തുകയോ, റാഗിംഗിൽ പങ്കെടുക്കുകയോ, അതിന് പ്രേരിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റം തെളിയിക്കപ്പെട്ടുകഴിഞ്ഞാൽ രണ്ടു വർഷം വരെ തടവു ശിക്ഷക്കും പതിനായിരം രൂപ വരെ പിഴ ശിക്ഷക്കും വിധേയനാകുന്നതാണ്.
2. കുറ്റത്തിന് ശിക്ഷിക്കപ്പെടുന്ന ഏതൊരു വിദ്യാർത്ഥിയേയും വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും പിരിച്ചുവിടേണ്ടതും, പിരിച്ചുവിടൽ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ മൂന്ന് വർഷത്തേക്ക് മറ്റു യാതൊരു വിദ്യാഭ്യാസ സ്ഥാപനത്തിലും പ്രവേശനം നൽകാൻ പാടില്ലാത്തതുമാണ്.
3. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിയോട് റാഗിംഗിനെക്കുറിച്ച് ഏതെങ്കിലും വിദ്യാർത്ഥിയോ, മാതാപിതാക്കളോ, രക്ഷകർത്താവോ, അഥവാ ആ വിദ്യാഭ്യാസ സ്ഥാപനത്തിലെ അദ്ധ്യാപകനോ, രേഖാമൂലം പരാതിപ്പെട്ടാൽ മേധാവി പരാതി ലഭിച്ചു ഏഴു ദിവസത്തിനകം പരാതിയിൽ പറഞ്ഞിരിക്കുന്ന സംഗതിയെക്കുറിച്ച് അന്വേഷണം നടത്തേണ്ടതും പ്രഥമദൃഷ്ട്യാ കുറ്റക്കാരനെന്നു കണ്ടാൽ പ്രസ്തുത

വിദ്യാർത്ഥിയെ സസ്പെൻഡ് ചെയ്യേണ്ടതും പരാതി ആ വിദ്യാഭ്യാസ സ്ഥാപനം സ്ഥിതി ചെയ്യുന്ന അധികാരിതയുള്ള പോലീസ് സ്റ്റേഷനിലേക്ക് തുടർനടപടിക്കായി അയച്ചു കൊടുക്കേണ്ടതുമാണ്.

4. പരാതി രേഖാമൂലം ലഭിക്കുകയും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിയുടെ അന്വേഷണത്തിൽ, പ്രഥമദൃഷ്ട്യാ, പരാതിയിൽ കഴമ്പില്ലായെന്ന് തെളിയിക്കുകയും ചെയ്താൽ ഇക്കാര്യം പരാതിക്കാരനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

5. വിദ്യാഭ്യാസസ്ഥാപനത്തിന്റെ മേധാവി റാഗിംഗിനെക്കുറിച്ചുള്ള ഒരു പരാതിയിന്മേൽ നടപടിയെടുക്കാതിരിക്കുകയോ, അഥവാ നടപടി എടുക്കാൻ അനാസ്ഥ കാണിക്കുകയോ ചെയ്യുകയാണെങ്കിൽ, അങ്ങനെയുള്ള വ്യക്തി റാഗിംഗ് എന്ന കുറ്റം ചെയ്യാൻ പ്രേരിപ്പിച്ചതായി കരുതപ്പെടേണ്ടതും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ശിക്ഷിക്കപ്പെടേണ്ടതുമാണ്.

ഇതിനുപരിയായി സൂചന (2) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതുമാണ്.

വകുപ്പുമേധാവികൾ തങ്ങളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്/സ്വാശ്രയം) ഈ സർക്കുലറിന്റെ പകർപ്പ് എത്തിക്കേണ്ടതും, ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

ഉത്തരവിൻ പ്രകാരം

പി.ജെ. തോമസ്
അഡീഷണൽ ചീഫ് സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
ഡയറക്ടർ, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്

പകർപ്പ്:

രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്/ കണ്ണൂർ സർവ്വകലാശാല, കണ്ണൂർ
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
കൃഷി വകുപ്പ്
തൊഴിലും പുനരധിവാസവും വകുപ്പ്
സഹകരണ വകുപ്പ്
വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

# റവന്യൂ വകുപ്പിന്റെ സേവന നിലവാരം മെച്ചപ്പെടുത്തൽ

*114 ശ്രീ. വി. എസ്. സുനിൽകുമാർ
 ,, കെ. രാജു
 ,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) റവന്യൂ വകുപ്പ് ജനങ്ങൾക്കുപയോഗപ്രദമായ രീതിയിൽ മാറ്റിയെടുക്കുന്നതിനു വേണ്ടി സേവന നിലവാരം മെച്ചപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;എങ്കിൽ അതിന് വേണ്ടിയുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് സമയബന്ധിതമായി പൂർത്തിയാക്കുമോ;

(സി) റവന്യൂ വകുപ്പിലെ വിവിധ തലങ്ങളിൽ നിന്നും ജനങ്ങൾക്കു ലഭിക്കുന്ന സേവന ങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കു ന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) റവന്യൂ വകുപ്പിലെ അഴിമതി നിർമ്മാർജ്ജനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

## ഉത്തരം : ശ്രീ. കെ.പി. രാജേന്ദ്രൻ
## (റവന്യൂ വകുപ്പു മന്ത്രി)

(എ) ഉണ്ട്. എം.ജി.പി. പ്രകാരമുള്ള സേവന പ്രദാന പദ്ധതി റവന്യൂ വകുപ്പിൽ നടപ്പിൽ വരുത്തുന്നുണ്ട്. എം.ജി.പി.യിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഭവന നവീകരണ പദ്ധതിയുടെ ഭാഗമായി കളക്ടറേറ്റുകൾ, തെരെഞ്ഞെടുത്ത താലൂക്കാഫീസുകൾ, വില്ലേജാഫീസു കൾ എന്നിവ നവീകരിക്കുകയും കമ്പ്യൂട്ടർവൽക്കരണം പോലുള്ള പരിപാടികൾ ആരംഭിക്കുകയും ചെയ്തു. ഭൂരേഖാ കമ്പൂട്ടർവൽക്കരണത്തിനുള്ള പദ്ധതിയും നട ന്നുവരുന്നു. ഇതുമൂലം നല്ല രീതിയിലുള്ള സേവനം പ്രദാനം ചെയ്യുവാൻ കഴിയും. തെരെഞ്ഞെടുത്ത ആഫീസുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട് നൂറു ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി, ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾ നടപ്പിലാക്കി വരുന്നു. കോട്ടയം ജില്ലയിലെ ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതര ജില്ലകളിൽ 31-03-2007 ന് മുമ്പായി കമ്പ്യൂട്ടർവൽക്കരണ നടപടികൾ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) ഉണ്ട്. വില്ലേജാഫീസുകൾ, താലൂക്കാഫീസുകൾ, കളക്ടറേറ്റുകൾ എന്നിവിടങ്ങ ളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച നോട്ടീസ് ബോർഡുകൾ അതത് ആഫീസുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അന്വേഷണ കൗണ്ടർ സംവിധാനം താലൂക്ക് തലം മുതൽ പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് പെട്ടെന്ന് തന്നെ വിവ രങ്ങൾ നൽകുന്നതിനും ഉടൻ പരിഹാരം കാണുന്നതിനുമുള്ള പരാതി പരിഹാര സെല്ലുകൾ ജില്ലാ കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് വായ്പാ സംബന്ധമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി എല്ലാ കളക്ടറേറ്റുകളിലും ഹെൽപ് ഡസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) റവന്യൂ വകുപ്പിന്റെ താഴെ തട്ടു മുതലുള്ള അഴിമതികളും ക്രമവിരുദ്ധ നടപടികളും കണ്ടെത്തി കുറ്റക്കാർക്കെതിരെ സസ്പെൻഷൻ അടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങളിൽ നിന്നും ഇക്കാര്യത്തിൽ ലഭിക്കുന്ന എല്ലാ പരാതികളും

ഉടൻതന്നെ പരിശോധനാ വിധേയമാക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആഫീസുകളിൽ മിന്നൽ പരിശോധന നടത്തുന്നതിന് സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവർ ഉൾപ്പെട്ട പ്രത്യേക സെൽ കളക്ടറേറ്റുകളിൽ രൂപീകരിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനകളുടെ ഫലമായി തിരുവനന്തപുരത്തെ എട്ടു വില്ലേജുകളിൽ ധാരാളം ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. പോക്കുവരവ്, തണ്ടപ്പേർ തുടങ്ങിയ രജിസ്റ്ററുകളിൽ തിരുത്തു വരുത്തിയാണ് ക്രമക്കേടുകൾ നടത്തിയതെന്നു കണ്ടെത്തിയിട്ടുണ്ട്. ഈ കേസുകളിൽ 17 റവന്യൂ ഉദ്യോഗസ്ഥന്മാരെ സസ്പെന്റു ചെയ്തിട്ടുണ്ട്.

അഴിമതി തടയുന്നതിനായി സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ രണ്ടു വിജിലൻസ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയൊരു സെൽ രൂപീകരിക്കാനും നിർദ്ദേശമുണ്ട്.

ഇടുക്കി ജില്ലയിലെ വ്യാജപട്ടയപ്രശ്നം പരിശോധിച്ച് നടപടിയെടുക്കാൻ രണ്ടു സ്പെഷ്യൽ ടീമിനെ നിയോഗിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

*115 ശ്രീ. കെ. കുഞ്ഞിരാമൻ
,, പി. ജയരാജൻ
,, ബാബു എം. പാലിശ്ശേരി
,, സി.എം. ദിനേശ് മണി
,, എം.എം. മോനായി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സഹകരണ മേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(സി) വിദ്യാഭ്യാസ കച്ചവടക്കാരെ പരാജയപ്പെടുത്താൻ സഹായകമായ വിധത്തിൽ സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം : ശ്രീ. ജി.സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) സഹകരണ മേഖലയിൽ 82 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തതിൽ 71 എണ്ണം നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട് കൂടാതെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കോ-ഓപ്പറേറ്റിവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളും കൊച്ചിയിൽ ഒരു മെഡിക്കൽ കോളേജും ഒരു നഴ്സിംഗ് സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരളാ സംസ്ഥാന സഹകരണ ഹോസ്പിറ്റൽ കോംപ്ളക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ലിമിറ്റഡ് നമ്പർ 4386 എന്ന സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ 1993 ൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത അക്കാഡമി ഓഫ് മെഡിക്കൽ സയൻസ് എന്ന സ്ഥാപനത്തിന്റെ കീഴിൽ മെഡിക്കൽ കോളേജ്, ദന്തൽ കോളേജ്, കോളേജ് ഓഫ് നഴ്സിംഗ്, അക്കാഡമി ഓഫ് ഫാർമസിക്യൂട്ടിക്കൽ സയൻസ്, സ്ക്കൂൾ ഓഫ് നഴ്സിംഗ്, മെഡിക്കൽ കോളേജ് പബ്ളിക് സ്ക്കൂൾ, പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നീ സ്ഥാപനങ്ങൾ നടത്തി വരുന്നു.

(ബി) സർക്കാരിന്റെ 24.3.1982-ലെ ജി.ഒ. (എം.എസ്)116/82/എ.ഡി.നം. ഉത്തരവ് പ്രകാരം വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനമായി പരമാവധി 5 ലക്ഷം രൂപ വരെയും, മാനേജീരിയൽ സബ്സിഡി, പലിശ സബ്സിഡി എന്നീ ഇനങ്ങളിൽ 30,000/ രൂപാ വീതം മൂന്ന് വർഷങ്ങളിൽ ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. കൂടാതെ കേപ്പിന് നൽകാമെന്ന 2000-ത്തിൽ സമ്മതിച്ച 2000-07 കാലത്തെ 51 കോടി രൂപ ലഭിക്കേണ്ടതിന് 4 കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 140 അസംബ്ളി മണ്ഡലങ്ങളിൽ സഹകരണ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാനും വിദ്യാഭ്യാസ മേഖലയിൽ നവീനമായ വിഷയങ്ങൾ ഉൾക്കൊള്ളിച്ചു പ്രൊഫഷണൽ കോളേജ് ആരംഭിക്കാനുള്ള സാദ്ധ്യതകളെ സംബന്ധിച്ച് ആരാഞ്ഞ് നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

# <u>മെട്രോ റെയിൽ പദ്ധതി</u>

*116 ശ്രീ. കെ. ബാബു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നിയമവും പാർലമെന്ററികാര്യവും**
**സ്പോർട്ട്സും യുവജനക്ഷേമവും**
**തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് എവിടെയെല്ലാം മെട്രോ റെയിൽ ആരംഭിക്കാൻ പരിപാടിയുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പണിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) മെട്രോ റെയിൽ പദ്ധതിയുടെ പണി എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ?

**ഉത്തരം : ശ്രീ.എം. വിജയകുമാർ**
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ) കൊച്ചി നഗരത്തിൽ ഒരു മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് കൊച്ചിയിൽ സ്പെഷ്യൽ സെൽ ഫോർ കൊച്ചി മെട്രോ എന്ന പേരിൽ ഒരു ഓഫീസ് ആരംഭിക്കുവാനും ദക്ഷിണ റെയിൽവേയിൽ അഡിഷണൽ ജനറൽ മാനേജരായി വിരമിച്ച ശ്രീ. ആർ. ഗോപിനാഥൻനായരെ ഈ പ്രോജക്ടിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(സി) മെട്രോ റെയിൽ പദ്ധതി ആരംഭിക്കാനുള്ള പണി പുരോഗമിച്ചു വരുന്നു.

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

*117 ശ്രീ. സാജു പോൾ
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
ശ്രീ. രാജു എബ്രഹാം
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. വി. ശശികുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം എന്ന് വിശദീകരിക്കുമോ ;

(ബി) നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള സഹകരണം - കേരളീയം എന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിൽ എത്ര സ്റ്റാളുകൾ തുടങ്ങാനാണ് നിശ്ചയിച്ചിട്ടുള്ളത്; എത്ര എണ്ണം തുടങ്ങി;

(ഡി) എന്തൊക്കെ നിത്യോപയോഗസാധനങ്ങളാണ് സഹകരണം-കേരളീയം എന്ന പദ്ധതി യിൻ കീഴിൽ വിതരണം ചെയ്യുന്നത്; ഈ പദ്ധതിയ്ക്ക് നല്കുന്ന സബ്സിഡിയുടെ വിശദാംശം വെളിപ്പെടുത്താമോ ?

**ഉത്തരം: ശ്രീ. ജി.സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 2007 ഫെബ്രുവരി 15-മുതൽ രണ്ട് മാസക്കാലയളവി ലേക്ക് സഹകരണ വിപണനം കേരളീയം എന്ന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാ ക്കിയിട്ടുണ്ട്. ഇതു പ്രകാരം 21 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.

(ബി) സഹകരണ വിപണനം കേരളീയം എന്ന പദ്ധതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, എംപ്ളോയീസ് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, മറ്റ് സംഘങ്ങൾ എന്നിവ മുഖാന്തിരം കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ ഗുണനിലവാരമുള്ള 6 തരം അരി ഉൾപ്പടെ 21 ഇനം നിത്യോപയോഗ സാധനങ്ങൾ സംസ്ഥാനത്തിലുടനീളം ന്യായമായ വിലക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ മേൽപ്പറഞ്ഞ സംഘങ്ങൾ ഒറ്റക്കും കൂട്ടായും പച്ചക്കറികൾ സംഭ രിച്ച് വിതരണം ചെയ്തു വരുന്നു.

(സി) 3812 വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതുവരെ 3209 വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങി. വിൽപ്പന കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിശദവിവര ങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

(ഡി) ഈ പദ്ധതിയിൻ കീഴിൽ 21 ഇനം നിത്യോപയോഗ സാധനങ്ങളാണ് വിതരണം ചെയ്തു വരുന്നത്. വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിശദവിവരങ്ങൾ അനു ബന്ധം II-ൽ ചേർത്തിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യു മ്പോൾ കൺസ്യൂമർ ഫെഡറേഷനുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് ഫെഡറേ ഷന് സബ്സിഡി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സബ്സിഡി നിരക്ക് പിന്നീട് സർക്കാർ നിശ്ചയിച്ചു നൽകുന്നതാണ്.

## അനുബന്ധം I

**'സഹകരണ വിപണനം കേരളീയം' വിൽപ്പന കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്**

| ജില്ല | | വിൽപ്പന കേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | : | 393 |
| കൊല്ലം | : | 315 |
| പത്തനംതിട്ട | : | 136 |
| ആലപ്പുഴ | : | 211 |
| ഇടുക്കി | : | 125 |
| കോട്ടയം | : | 335 |
| എറണാകുളം | : | 300 |
| തൃശ്ശൂർ | : | 347 |
| പാലക്കാട് | : | 138 |
| മലപ്പുറം | : | 212 |
| വയനാട് | : | 69 |
| കോഴിക്കോട് | : | 155 |
| കണ്ണൂർ | : | 390 |
| കാസർഗോഡ് | : | 83 |
| ആകെ | : | 3209 |

## അനുബന്ധം II

**'സഹകരണ വിപണനം കേരളീയം' വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ ഇനം തിരിച്ചുള്ള വിവരം**

1. അരി (കുറുവ)
2. അരി 1001 (ആന്ധ്ര)
3. അരി (കർണ്ണാടക)
4. അരി ജയ
5. അരി മട്ട
6. അരി സുരേഖ
7. പാമോയിൽ
8. വെളിച്ചെണ്ണ
9. പഞ്ചസാര
10. മുളക്
11. മല്ലി
12. കടല (വെള്ള)
13. വൻകടല (ബോൾഡ്)
14. ജീരകം
15. ഉലുവ
16. കടുക്
17. തുവരപ്പരിപ്പ്
18. ഉഴുന്നുപരിപ്പ്
19. ഉഴുന്നുമണി
20. ചെറുപയർ
21. ശർക്കര

സെക്ഷൻ ഓഫീസർ

## എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യതയും നിലവാരവും സംബന്ധിച്ച സർവ്വേ

*118 ശ്രീ. ജി. കാർത്തികേയൻ
,, ജോർജ് മേഴ്സിയർ
പ്രൊഫ. കെ. വി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യതയും നിലവാരവും അറിയുന്നതിനായി എന്തെങ്കിലും സർവ്വേ നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം വിവരങ്ങളാണ് ഇതിനു വേണ്ടി ശേഖരിക്കുന്നത് ;

(സി) ഇപ്രകാരം വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഉദ്ദേശം എന്തെന്ന് വ്യക്തമാക്കുമോ?

**ഉത്തരം** : ശ്രീ. എം.എ.ബേബി
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ) ഇല്ല

(ബി) ബാധകമല്ല

(സി) ബാധകമല്ല

## റെയിൽവേ ഡിവിഷൻ രൂപീകരണം

*T119 ശ്രീ. എൻ. രാജൻ
,, എ.കെ. ചന്ദ്രൻ
,, വി.എസ്. സുനിൽ കുമാർ
,, ബാബു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സുംയുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) റെയിൽവേ ഡിവിഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് മറ്റു സംസ്ഥാനങ്ങളുമായി ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങൾ നിലനിൽക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളുമായിട്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ റെയിൽവേ ഡിവിഷനുകളെ അപ്രസക്തമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത്തരം നീക്കങ്ങളെ ചെറുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്നു വ്യക്തമാക്കുമോ ?

**ഉത്തരം : ശ്രീ.എം. വിജയകുമാർ**
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ) & (ബി) ഇല്ല. എന്നാൽ ഇപ്പോൾ പാലക്കാട് ഡിവിഷന്റെ കീഴിലുള്ള സേലം കേന്ദ്രമാക്കി, പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് പുതുതായി ഒരു റെയിൽവേ ഡിവിഷൻ ആരംഭിക്കുന്നതിൽ ശക്തമായ പ്രതിഷേധം കേന്ദ്ര റെയിൽവേ മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) പാലക്കാട് റെയിൽവേ ഡിവിഷനിൽ നിന്നും പ്രധാന ഭാഗങ്ങൾ മാറ്റി സേലം ഡിവിഷൻ രൂപീകരിക്കാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ മന്ത്രിസഭ ഇക്കാര്യം ചർച്ച ചെയ്യുകയും സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം റെയിൽമന്ത്രാലയത്തെ അറിയിക്കുകയും ചെയ്തു. കൂടാതെ മുഖ്യമന്ത്രി കേന്ദ്ര റെയിൽ മന്ത്രിക്ക് നിവേദനം നൽകുകയും ഈ തീരുമാനം പുനപരിശോധിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്ന് റെയിൽവേയുടെ ചാർജുള്ള മന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള എം.പി മാരടങ്ങുന്ന നിവേദക സംഘം ഇത് സംബന്ധിച്ച് പ്രധാന മന്ത്രിയും റെയിൽവേ മന്ത്രിയേയും നേരിൽക്കണ്ട് ചർച്ചകൾ നടത്തുകയും നിവേദനം നൽകുകയും ചെയ്തു. തുടർന്നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

## വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശകൾ

*120 ശ്രീ. മഞ്ഞളാംകുഴി അലി
,, എം.കെ. പുരുഷോത്തമൻ
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) ഗ്രാമീണ വായ്പാ സമ്പ്രദായത്തിന്റെ പുന:സംഘടനയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണവും സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിക്കപ്പെട്ട വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രധാനപ്പെട്ട ശുപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശകളിൽ ചിലത് നിലവിലുള്ള കാർഷിക വായ്പ സംവിധാനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീ. ജി. സുധാകരൻ**
**സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി**

(എ) ഉണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ചുവടെ പരാമർശിക്കുന്ന സാമ്പത്തിക സഹായത്തിന്റെ പാക്കേജാണ് പ്രത്യേകമായി ലക്ഷ്യമിട്ടിട്ടുള്ളത്. ഫിനാൻഷ്യൽ പാക്കേജ് സ്വീകാര്യമാണ് എന്നാൽ ഘടനാപരവും ഭരണപരവും സഹകരണപരവുമായ നിർദ്ദേശങ്ങൾ ജനാധിപത്യ വിരുദ്ധമായതിനാൽ സ്വീകാര്യമല്ല.

പ്രസ്ഥാനത്തിന്റെ പ്രസക്തി നഷ്ടപ്പെടുത്തുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പ്രസ്തുത റിപ്പോർട്ടിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് മാറ്റങ്ങൾ അംഗീകരിക്കാൻ കഴിയുകയുള്ളൂ എന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

സാധാരണക്കാരുടെയും സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെയും സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം മറ്റ് സേവന പ്രവർത്തനങ്ങൾകൂടി ഏറ്റെടുത്ത് നടത്തുന്ന കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സേവനം ഇല്ലാതാക്കുന്ന സാഹചര്യമാണ് ഈ റിപ്പോർട്ട് നടപ്പിലാക്കിയാൽ ഉണ്ടാവുക.

1. നാളിതുവരെയുള്ള സഞ്ചിതനഷ്ടം നിർമ്മാർജ്ജനം ചെയ്യുക.
2. സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റിയിൽ നൽകിയ വായ്പയിൽ കുടിശ്ശികയായവ ജാമ്യ വ്യവസ്ഥ പ്രകാരം അടയ്ക്കുവാൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടും ലഭിക്കാതെ ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ അത് നികത്തുക
3. ചുരുങ്ങിയ നിശ്ചിത നിലവാരത്തിലേക്ക് മൂലധനം വർദ്ധിപ്പിക്കുക
4. ഗവൺമെന്റ് ഓഹരി മൂലധനം തിരികെ നൽകുക
5. സാങ്കേതിക സഹായത്തിനും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക

(സി) ശുപാർശകൾ മുഴുവൻ അംഗീകരിക്കാൻ സാധിക്കുന്നതല്ല. ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ വിവിധ ഭാഗങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ളതിനാൽ വിശദമായ ചർച്ച ആവശ്യമാണെന്ന് കാണുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു സംബന്ധിച്ച് നബാർഡുമായി രണ്ടു വട്ടം ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ ടാസ്ക്ഫോഴ്സ് റിപ്പോർട്ടിലെ സാമ്പത്തിക പാക്കേജ് അംഗീകരിക്കാവുന്നതാണെന്ന് ധാരണയായിട്ടുണ്ട് എന്നാൽ നിയമപരവും സ്ഥാപനപരവുമായ വ്യവസ്ഥകൾ സംബന്ധിച്ച് ഇനിയും ചർച്ചകൾ നടത്തേണ്ടതായിട്ടുണ്ട്.

(ഡി) വൈദ്യനാഥൻ കമ്മിറ്റിയുടെ ശുപാർശകളിൽ ചിലത് നിലവിലുള്ള കാർഷിക വായ്പാ സംവിധാനത്തെ പ്രതികൂലമായി ബാധിക്കും. സംഘത്തിന്റെ ഓഹരി മൂലധനത്തിൽ സർക്കാർ ഓഹരി പൂർണ്ണമായും പിൻവലിക്കേണ്ടതായി വരും. ഭരണസമിതിയിൽ ഗവൺമെന്റ് നോമിനി പാടില്ലെന്നും, ഭരണസമിതി അംഗങ്ങളിൽ മൂന്നു പേരെങ്കിലും റിസർവ്വ് ബാങ്ക് നിശ്ചയിക്കുന്ന പ്രൊഫഷണലുകൾ ആയിരിക്കണമെന്നും, സഹകരണ ബാങ്കുകളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിസർവ്വ് ബാങ്ക് നിശ്ചയിക്കുന്ന പ്രൊഫഷണൽ യോഗ്യത ഉള്ളവരായിരിക്കണമെന്നും പ്രാഥമിക കാർഷിക വായ്പാ സംഘം മുഖ്യ കാര്യദർശി യഥാവിധി പരിശീലനം ലഭിച്ച ആളായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ മേൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണാധികാരം ഏർപ്പെടുത്തുന്നതിനാൽ സഹകരണ സ്ഥാപനങ്ങളുടെ ഭരണ ക്രമത്തിലും, സാമ്പത്തിക കാര്യങ്ങളിലുമുള്ള സംസ്ഥാന ഇടപെടൽ ഇല്ലാതാകും. മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള പ്രുഡൻഷ്യൽ നോംസ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ബാധകമായിരിക്കുന്നതിനാൽ സംഘങ്ങൾ ലാഭം ഉണ്ടാക്കുക മാത്രം ലക്ഷ്യമാക്കുന്നതിനും കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ ലഭ്യമാക്കുകയോ കർഷകരുടെ ഉൽപ്പന്നങ്ങളുടെ താങ്ങുവില, തറവില എന്നിവ നിശ്ചയിച്ചു കാർഷിക വിളകൾ സംഘങ്ങൾക്ക് സംഭരിക്കുന്നതിനോ കഴിയില്ല. മാത്രവുമല്ല പ്രവർത്തന ചെലവിന്റെ 50% ത്തിൽ കുറയാതെ പലിശ മിച്ചമുള്ളതും ഡിമാന്റിന്റെ 50%ത്തിൽ കുറയാതെ റിക്കവറിഉള്ളതുമായ സംഘങ്ങൾക്കു മാത്രമേ ഈ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക സഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. കൂടാതെ ജീവനക്ഷമമാക്കാൻ സാധ്യതയില്ലാത്ത സംഘങ്ങളെ സമാപ്തീകരിക്കണം. സഹകരണ വായ്പാ സംഘങ്ങളെ ബാധിക്കുന്ന സഹകരണ നിയമത്തിലെ വ്യവസ്ഥകൾ സമൂലമായി പരിഷ്ക്കരിക്കേണ്ടതായി വരും. അതാത് സംഘം ചിഫ് എക്സ്ക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ നിയമനം, സേവന വ്യവസ്ഥകൾ തുടങ്ങിയ കാര്യങ്ങൾ നിശ്ചയിക്കാനും കടങ്ങളെടുക്കുന്നതിനും നിക്ഷേപിക്കുന്നതിനും അഫിലിയേഷനും അനുയോജ്യമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാൻ പൂർണ്ണ സ്വാതന്ത്ര്യം സംഘങ്ങൾക്കുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘങ്ങളുടെ സാമ്പത്തിക നിയന്ത്രണം പൂർണ്ണമായി സർക്കാരിന് നഷ്ടമാകാനും ഇടയാകും. മാത്രമല്ല പ്രുഡൻഷ്യൽ നോംസ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ബാധകമാക്കാനും ഇടയാകും. കാർഷിക വായ്പാ വിതരണത്തിന് വിമുഖത കാട്ടുന്ന സഹകരണ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് പരിമിതികളുണ്ട്.